June 2010. Issue 6 www.bodhimagazine.com

# ബോധിമാഗസിൻ

## BODHI MAGAZINE

*A christian online magazine with Malayalam and English section*

തിരുവട്ടാർ കൃഷ്ണൻകുട്ടി

പ്രദീപ് കുളങ്ങര

എസ്. ഗുപ്തൻ നായർ

റവ. പീറ്റർ കുരുവിള

സിബി റ്റി. മാത്യു

ഡോ. ഓമന റസ്സൽ

ത്രേസ്യാമ്മ തോമസ്

ജോസ് പീറ്റർ



എഡിറ്റോറിയൽ



# യേശുവിനോടൊപ്പം നടക്കുക

ഇന്നേറ്റവും കൂടുതൽ പ്രതിസന്ധിയോ ആശങ്കകളോ നേരിടുന്ന ഒന്നാണ് ക്രൈസ്തവ വിശ്വാസം. വർത്തമാന കാല ജീവിതത്തിന്റെ പ്രശ്നങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ നേരിടാൻ പഴയ തലമുറയ്ക്ക് കഴിയുന്നില്ല. പുതിയ തലമുറയ്ക്കാണെങ്കിൽ ഇത്തരമൊരു ആശങ്കകളില്ലാതെ കടന്നു പോകുന്നു. ഇതിനിടയിൽ ഏതാനം ചിലർ പഴയതിനെയും പുതിയതിനെയും കണ്ണിചേർക്കുവാൻ ശ്രമിക്കുന്നു. ഇത്തരമൊരു ആശങ്കകളൊന്നുമില്ലാതെ പൊതു സമൂഹം മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു.

ചരിത്രത്തിന്റെ ഇത്തരം പ്രതിസന്ധികളെ എങ്ങനെയാണ് വായിക്കേണ്ടത്? വ്യാഖ്യനിക്കേണ്ടത്? അതിനെന്തെങ്കിലും ഉണ്ടോ? അങ്ങനെയൊന്നുണ്ടെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ അതിന് പ്രസക്തിയുണ്ടോ ? ഇല്ലെങ്കിൽ എങ്ങനെയാണ് മുന്നോട്ടു പോവുക ? ഇങ്ങനെ ഒട്ടനവധി ദൈവശാസ്ത്ര സൈദ്ധാന്തിക പ്രശനങ്ങൾ വിശ്വാസികൾ അഭിമുഖീകരിക്കുന്നുണ്ട്.

വാസ്തവത്തിൽ ഇങ്ങനെയൊക്ക് ആശങ്കപ്പെടുന്നതിൽ അർത്ഥമുണ്ടോ എന്ന് ചിലർക്കെങ്കിലും സംശയമുണ്ടാകും. നാം വിനയപൂർവ്വം മനസ്സിലാക്കേണ്ട ഒന്നാണ് മാറ്റത്തിന് വിധേയമാണ് എല്ലാ കാര്യങ്ങളും. അത് വ്യക്തികൾ മാത്രമല്ല, ദർശനങ്ങൾക്ക് പ്രത്യയശാസ്ത്രത്തന് ലോകത്തിലുള്ള എല്ലാ കാര്യങ്ങളും മാറ്റത്തിന് വിധേയമാണ് . ക്രൈസ്തവ വിശ്വാസത്തിന് മാറ്റമില്ലെന്ന് നമ്മൾ പറയും . ശരിയാണ്. പക്ഷേ യേശുവിനെ കുറിച്ച് നാംചെറുപ്പത്തിൽ കേട്ടതല്ല ഇപ്പോൾ നമ്മളോടൊപ്പമുള്ള യേശു. വേദപഠന ക്ലാസ്സിൽ അഞ്ചപ്പവും രണ്ട് വീഞ്ഞും കൊണ്ട് അയ്യായിരം പുരുഷൻമാരെ പോറ്റിയതും, മരിച്ചവരെ ഉയിർപ്പിക്കുന്നതും, വെള്ളം വീഞ്ഞാക്കുന്നതുമെല്ലാം കേൾക്കുമ്പോൾ, അത്ഭുതസിദ്ധിയുള്ള ഒരാളായി, മാജിക്ക നടത്തുന്ന ഒരാളായി കുഞ്ഞുമനസ്സുകളിൽ സ്ഥാനം പിടിക്കുന്നു. നമ്മുടെ വളർച്ചയുടെ ഓരോ പടവുകൾ കയറുമ്പോഴും നമ്മോടൊപ്പം വളരുകയാണ് യേശുവും.

എന്നാൽ ഒരു പ്രത്യേക ഘട്ടത്തിൽ നമ്മുടെ ജീവിതത്തിലെ ചില കാര്യങ്ങളിൽ യേശുവിന്റെ ഇടപെടലുകൾക്ക് സ്ഥാനമില്ലെന്ന് നാം തിരിച്ചറിയുന്നു. ഇല്ലെങ്കിൽ നമ്മൾ ശഠിക്കുന്നു. കുടുംബത്തിനകത്ത് തീരുമാനങ്ങൾ എടുക്കുമ്പോൾ, സമൂഹത്തിൽ നാം ഇടപഴകുമ്പോൾ നാം യേശുവിനെ മാറ്റി നിർത്തുന്നു. രാഷ്ട്രീയത്തിൽ നിന്ന് ക്രൈസ്തവർ യേശുവിനെയും കൊണ്ട് പലായനം ചെയ്തിരിക്കുകയാണ്. ആഴ്ചയിൽ ആറ് ദിവസം നമുക്കും ഞായറാഴ്ച യേശുവിനുമായി നാം വേർതിരിക്കുന്നു. ഈ ആറ് ദിവസത്തിനുള്ളിൽ നല്ല കാര്യങ്ങൾ സംഭവിച്ചാൽ തങ്ങൾക്കും വീട്ടുകാർക്കും ഗുണം, കുഴപ്പം സംഭവിച്ചാൽ നാം കല്ലെറിയും, ക്രൂശിക്കും, ഉയിർക്കാതിരിക്കാൻ ശവക്കുഴികളിൽ മാർബിൾ സ്ലാബുകൊണ്ട് മൂടി കാവലിനായി പ്രത്യേക സേനയെയും നിയോഗിക്കും.

വളരെ ലളിതമായി, മാനുഷികമായി ഒന്ന് ചിന്തിച്ചുനോക്കൂ. 6 ദിവസം വേറെ ജോലികൾ ചെയ്തിട്ട് ഏഴാം ദിവസം വീട്ടിൽ കയറിവന്ന് താൻ ചെയ്തതിന് കുറ്റക്കാർ വീട്ടുകാരാണെന്ന് പറഞ്ഞാൽ എചായിരിക്കും അവിടെ നടക്കുക? പക്ഷേ ഇതൊന്നും ചോദിക്കാതെ, ഉത്തരം മാത്രം നൽകി, പ്രാർത്ഥനകൾക്ക് മറുപടി നൽകി നീലാകാശത്തിന്നപ്പുറത്ത് വലിയ സിംഹാസനമിട്ടിരിക്കുന്ന യേശു സങ്കൽപ്പത്തിൽനിന്ന് നമ്മളെന്നാണിനി മോചനം പ്രാപിക്കുന്നത്.

വിനയപൂർവ്വം നാമൊന്നാലോചിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ അലറിക്കരഞ്ഞ്, ദൈവത്തെ പഴിച്ച്, പ്രാർത്ഥനക്കൂട്ടങ്ങളുടെ വിലാപകാവ്യത്തിനപ്പുറത്തായി യേശു ഇരിക്കുകയാണ്. നമ്മുടെ കണ്ണീരിലെ ഉപ്പാണ് യേശു. നമ്മുടെ പ്രതിസന്ധികളിൽ താങ്ങാണ് യേശു. നമ്മൾ ഉറങ്ങുമ്പോൾ ഉറങ്ങാത്തവനാണ്. നമ്മുടെ കളിചിരികൾക്കിടയിലെ കാണാസാന്നിദ്ധ്യമാണ് യേശു. നമ്മുടെ തീർമേശയ്ക്കരികിൽ വിളിക്കപ്പെടാത്തൊരതിഥിയാണ് യേശു. നമ്മുടെ ചെറുപുഞ്ചിരിയിൽ രോഗാവസ്ഥയിൽ, വറുതിക്കാലങ്ങളിൽ, വായുവിലും, കരയിലും, കടലിലും സഞ്ചരിക്കുമ്പോൾ സഹയാത്രികനാണ് യേശു. ജീവിതത്തിന്റെ താളം തെറ്റുമ്പോൾ, വഴിയേതെന്നറിയാതെ ഉള്ളുരുകി നീറി നിൽക്കുമ്പോൾ ഒരു തണുത്ത കാറ്റായ്, സ്പർശനമായ് എത്തുന്നു യേശു.

കണ്ണീർ തുടച്ച് നമുക്കെഴുന്നേൽക്കാം.

യേശുവിനോടൊപ്പം നടക്കാൻ.

**ജോസ് പീറ്റർ**

# ബൈബിൾ : സാർവ്വജനീയ സാഹിത്യം




സുവിശേഷ പ്രഘോഷണത്തിന്റെ അനുഗ്രഹീതമായ ധർമ്മശാസ്ത്ര പ്രഖ്യാപനമായ ബൈബിൾ ഇതര കൃതികളിൽ നിന്നും എങ്ങനെ വ്യത്യസ്ഥത പുലർത്തുന്നു എന്നതാണ് കുറിക്കാൻ പോകുന്നത്. ലോകമതങ്ങൾക്ക് എല്ലാംതന്നെ അവരവരുടെ മതസംഹിതകളുണ്ട്. ആര്യൻമാർക്ക്, വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ, ഉപപുരാണങ്ങൾ, സ്മൃതികൾ, ഭഗവത്ഗീത തുടങ്ങിയ ഗ്രന്ഥങ്ങൾ ഉണ്ട്. പ്രാചീനമായ പാർസി മതത്തിന് സെൻന്ത് അവസ്ഥയും ബുദ്ധമതത്തിന്-ശ്രീപിടകം, സിക്കുമതത്തിന് ഗ്രന്ഥസാഹിബ്, ഇസ്ലാമിന് ഖുറാൻ തുടങ്ങി മതഗ്രന്ഥങ്ങൾ നീളുകയാണ്.



തിരുവട്ടാർ കൃഷ്ണൻകുട്ടി

ലോകത്തിലെമ്പാടും തിരുവെഴുത്തുകൾ എന്നറിയപ്പെടുന്ന ഒരു കൃതി മാത്രമേയുള്ളു. അതാണ് ബൈബിൾ. വിവിധ തുറകളിൽപ്പെട്ട മനുഷ്യർ സുമാർ 1600 വർഷത്തെ കാലദൈർഘ്യംകൊണ്ട് എഴുതിയ ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ ഒരെഴുത്തുകാരൻ ഒരൊറ്റ ഇരുപ്പിൽ ഇരുന്ന് ഒരേ സമയത്തെഴുതിയതാണെന്ന് തോന്നുമാറ് ഈ പുസ്തകം തമ്മിൽ ഇണക്കപ്പെട്ടിരിക്കുന്നു.

ബൈബിൾ ഒരു സാർവ്വജനീയ സാഹിത്യമാണ്. ഇത് കേവലം ഒരു ഗ്രന്ഥമല്ല മറിച്ച് ലോകോത്തരമായ ആദ്ധ്യാത്മിക കൃതിവിശേഷമുള്ള സാർവ്വജനീയസാഹിത്യമാണ്. കടലും മലകളുംകൊണ്ട് അതിർത്തി തിരിച്ച ഒരു ഭൂഭാഗത്തിന്റെ കഥ പറയുന്ന കുട്ടി പുസ്തകമല്ല ബൈബിൾ, നേരെ മറിച്ച് ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി, പ്രപഞ്ചത്തിൽ ചരാചരങ്ങൾ എങ്ങനെ ഉണ്ടായി, മനുഷ്യൻ എങ്ങനെ ഉണ്ടായി, രാജ്യങ്ങൾ എങ്ങനെ ഉണ്ടായി, സാമ്രാജ്യങ്ങളും സംസ്കാരങ്ങളും എങ്ങനെ ഉണ്ടായി, ഇവ എങ്ങനെ വളരുകയും തളരുകയും താളടിയാവുകയും ചെയ്തു; ഇതൊക്കെ അറിയണമെങ്കിൽ ബൈബിൾതന്നെ വായിക്കണം. ലോകചരിത്രത്തിന് ഇന്നുവരെയുള്ള എക്കാലത്തെയും ആമുഖക്കുറിപ്പാണ് ബൈബിൾ.

ബൈബിൾ പ്രഖ്യാപിക്കുന്ന അദ്ധ്യാത്മികരക്ഷ സാർവ്വജനീനമാണ്. ഏതെങ്കിലുമുള്ള ഒരു പ്രത്യേക മതത്തിനോ വിഭാഗത്തിനോ വേണ്ടിയുള്ളതല്ല ബൈബിൾ പ്രഖ്യാപിക്കുന്ന രക്ഷ. മറിച്ച് ഏത് ലോകത്തും ഏതു കാലത്തുമുള്ള ജനത്തിന് ഒരുമപ്പെട്ടതാണ് വേദപുസ്തകം കല്പിക്കുന്ന രക്ഷ. സകല ഭൂസീമാവാസികളുമായുള്ളോരേ എന്റെ അടുക്കൽ വരുവീൻ എന്ന വിശ്വവിശാല ദർശനമാണ് ബൈബിൾ പ്രഖ്യാപിക്കുന്നത്. ഹരിജൻ, ഗിരിജൻ, പട്ടികവർഗ്ഗം, സവർണ്ണൻ, അവർണ്ണൻ, അടിമ, ഉടമ, പ്രഭു, ദാസൻ, യജമാനൻ തുടങ്ങി വേറുകൃത്യങ്ങൾ ഇല്ലാതെ എല്ലാവർക്കും ഒരുപോലെ പ്രാപ്യമായ ഒന്നാണ് സുവിശേഷം.



ബൈബിൾ വായിക്കുവാനുള്ള അവകാശം സാർവ്വജനീയമാണ്. ആര്യൻമാരുടെ മതഗ്രന്ഥങ്ങളായ വേദങ്ങളും ഉപനിഷത്തുക്കളും അവരുടെ ദാസൻമാരായ ശൂദ്രനുപോലും പഠിക്കാൻ പാടില്ലെന്ന് സ്മൃതികാരൻമാർ പറഞ്ഞു. ഖുറാൻ മുസ്ലീമല്ലാതെ ആരും പഠിക്കരുതെന്ന് അവർ ശഠിക്കുന്നു. മലയാളത്തിൽ വിവർത്തനമുള്ളതിനാൽ ഞങ്ങൾ വായിക്കുന്നു എന്നു മാത്രം.

സാർവ്വശാസ്ത്രീയമാണ് ബൈബിൾ. ബൈബിൾ അശാസ്ത്രീയമെന്ന് പറയാൻ യുക്തിവാദികളും മറ്റും ശ്രമിച്ചു. എന്നാൽ അവരുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി കൊടുത്ത് നിലനിൽക്കുന്നു ബൈബിൾ. പ്രപഞ്ചത്തിന്റെ ഉത്ഭവം; ദൈവത്തിന്റെ സൃഷ്ടിപ്പ്, തുടങ്ങി മനുഷ്യനെ പ്രമേയമാക്കി ഇത്രയും സുന്ദരമായി അവതരിപ്പിക്കുന്ന ഒരു പുസ്തകവും അവനിയിൽ ഇല്ല. ലോകത്ത് എവിടെയും ഏക സത്യ ദൈവത്തെ പ്രചരിപ്പിച്ചവരും ദൈവത്തിന്റെ അസ്തിത്വം സുന്ദരവും ലളിതവുമായി പ്രഖ്യാപിക്കുന്ന ഏക സത്യസാഹിത്യം ബൈബിളാണ്.



# ‘യോഗ’ എന്ത്? എന്തിന്? വേറിട്ടൊരു ചിന്ത

പ്രദീപ് കുളങ്ങര

യോഗം, യോഗ, എന്ന വാക്കിന്റെ അർത്ഥം കൂട്ടിച്ചേർക്കുക: കൂടിച്ചേരുക എന്നെല്ലാമാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട മാനസികവും ശാരീരികവുമായ ‘സ്വസ്ഥതകളുടെ’ കൂടിച്ചേരലുകളെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. ‘സ്വസ്ഥത’യെ ‘സ്വ-സ്ഥിതി’ (സ്വന്തമായ സ്ഥിതി) എന്ന അർത്ഥത്തിലും; ശാന്തത എന്ന അർത്ഥത്തിലും ഉപയോഗപ്പെടുത്തുന്നു. ഓരോരുത്തരുടേയും ജീവിതത്തിന്റെ സ്വന്തമായൊരു ഇടം കരഗതമായാൽ ശാന്തത തനിയേ വരും. സ്വസ്ഥതയ്ക്ക് രണ്ട് വശങ്ങളുണ്ട്. ഒന്ന് ഓരോരുത്തരുടേയും ആഗ്രഹത്തിനും കഴിവിനുമനുസരിച്ച ഒരു ജീവിതയിടം. രണ്ടാമത്തേത് അങ്ങനെയെത്തിയാൽ സംഭവിക്കുന്ന സ്വഭാവീക ശാന്തത. ആദ്യത്തേതിന് പ്രയത്നം ആവശ്യമാണ്. രണ്ടാമത്തേത്; പ്രവൃത്തിയിലൂടെ ‘സംഭവിക്കു’ന്നതാണ്. നമുക്ക് ഒരു മനോഹരമായ പുഷ്പത്തിനുവേണ്ടി ഒരു ചെടി നടാം. ഈ പ്രവൃത്തിയുടെ ഫലമായി സ്വാഭാവികമായി പുഷ്പം ഉണ്ടായി വരണം. ശാന്തതയ്ക്കുവേണ്ടി ശാന്തത കുഴിച്ചിടാൻ പറ്റില്ല. അത് ഒരു മനോഹര കുസുമമായി രൂപപ്പെടണം. നമുക്ക് നല്ലൊരു നടപ്പാത രൂപപ്പെട്ടു വരാൻ, അതിനുവേണ്ടി പ്രയത്നിക്കാതെ തരമില്ല. അങ്ങനെ മനുഷ്യനേട്ടങ്ങളുടെയെല്ലാം പുറകിൽ വൻ പ്രയത്നങ്ങൾ ഉണ്ട്. എന്നാൽ അവന്റെ ഇച്ഛയുടെ പുറത്ത് സ്വതന്ത്രമായ ചലന നിയമങ്ങളുണ്ട്. പ്രകൃതി മനുഷ്യന്റെ ബോധത്തിനു പുറത്തായതിനാൽ; എല്ലാ മനോഹാരിതകളും സ്വതന്ത്രമായി സംഭവിക്കുന്നു. അതിനാൽ സ്വസ്ഥതയുടെ രണ്ടർത്ഥങ്ങളും; മനുഷ്യനും-പ്രകൃതിയും തമ്മിലുള്ള ബന്ധത്തോളം ആഴപ്പെട്ടിരിക്കുന്നു. ഒരു മനോഹര നടപ്പാത അങ്ങനെ ആകാൻ അതിന്റെ പരിസര ഭംഗിയ്ക്കുള്ള സ്ഥാനം ചെറുതല്ലല്ലോ.

ഇവിടെ ഓരോരുത്തരുടെയും ആഗ്രഹത്തിനും കഴിവിനും അനുസരിച്ച ജീവിത സ്വസ്ഥിതി രൂപപ്പെടുത്തുവാൻ മാനസികവും ശാരീരികവുമായ തയ്യാറെടുപ്പുകളും അവയുടെ ചിട്ടയായ വിനിയോഗവും ഒഴിവാക്കുവാനേ സാധിക്കില്ല. ആലസ്യത്തിന്റെ അഴകൊഴമ്പൻ രീതികൾകൊണ്ട് ഒരാൾക്കും ജീവിത വിജയം കരഗതമാവാൻ സാധിക്കില്ല. നമുക്കൊരു ജീവിത ലക്ഷ്യമുണ്ടാവുകയും അതു നേടുവാനാവശ്യമായ മാനസിക-ശാരീരിക കഴിവുകൾ ഉണ്ടാവുകയും വേണം. ഇപ്പോൾ നാം ആരാണ്. ഇന്നുള്ള എന്റെ കഴിവുകളും കുറവുകളും എന്തെല്ലാമാണ്. തന്റെ ലക്ഷ്യത്തിലേക്ക് നീങ്ങുവാനാവശ്യമായ ശേഷികൾ എന്തെല്ലാം ഞാൻ നേടണം. എന്തിനെല്ലാം പരിശീലനം ആവശ്യമാണ്. അതിന് എത്ര സമയം വിനിയോഗിക്കണം. എന്തെല്ലാം പഠിക്കണം. ആരെയെല്ലാം സമീപിക്കണം. ചുരുക്കത്തിൽ മാനസികവും ശാരീരികവുമായ വ്യായാമമില്ലാതെ ജീവിതവിജയം നേടുവാനാവില്ല.

**വ്യായാമത്തിന്റെ സ്വാഭാവികതകൾ**

നാം എങ്ങനെ പ്രവർത്തിക്കണം എന്ന് മറ്റൊരാളിനെ പകർത്തുകയല്ല; നമ്മെത്തന്നെ നിരീക്ഷിക്കുകയാണ് വേണ്ടത്. മറ്റൊരാളിന്റെ ഫോട്ടോസ്റ്റാറ്റ് ആകാനല്ല ശ്രമിക്കേണ്ടത് സ്വയം പ്രകാശമാകാനാണ് യത്നിക്കേണ്ടത്. നാം നമുക്കുവേണ്ടി തെരഞ്ഞെടുക്കുന്ന വ്യായാമങ്ങൾ മാനസിക

**നമുക്കൊരു ജീവിത ലക്ഷ്യമുണ്ടാവുകയും അതു നേടുവാനാവശ്യമായ മാനസിക-ശാരീരിക കഴിവുകൾ ഉണ്ടാവുകയും വേണം. ഇപ്പോൾ നാം ആരാണ്. ഇന്നുള്ള എന്റെ കഴിവുകളും കുറവുകളും എന്തെല്ലാമാണ്. തന്റെ ലക്ഷ്യത്തിലേക്ക് നീങ്ങുവാനാവശ്യമായ ശേഷികൾ എന്തെല്ലാം ഞാൻ നേടണം. എന്തിനെല്ലാം പരിശീലനം ആവശ്യമാണ്. അതിന് എത്ര സമയം വിനിയോഗിക്കണം. എന്തെല്ലാം പഠിക്കണം. ആരെയെല്ലാം സമീപിക്കണം. ചുരുക്കത്തിൽ മാനസികവും ശാരീരികവുമായ വ്യായാമമില്ലാതെ ജീവിതവിജയം നേടുവാനാവില്ല.**



മായും ശാരീരികമായും താങ്ങുന്നതായിരിക്കണം.  ജന്മനാലുള്ളതെന്നോ; സ്വാഭാവികമെന്നോ; പ്രകൃത്യാലുള്ളതെന്നോ ഒക്കെ വിളിക്കുന്ന തരത്തിലുള്ളതായിരിക്കണം അത്.  ഭാവിയിൽ നമുക്ക് വലിയൊരു വെയ്റ്റ് ലിഫ്റ്ററാകണം എങ്കിൽ; ആദ്യമേ തന്നെ വലിയ ചുമടുകളല്ല ഉയർത്തിപ്പഠിക്കേണ്ടത്.  ശേഷികൾക്കനുസരിച്ച് മാത്രമേ ഭാരവും കൂട്ടുകയുള്ളു.  ഇത്തരത്തിൽ മാനസിക-ശാരീരിക വ്യായാമങ്ങൾ നാം തേടുമ്പോൾ, നമ്മുടെ ശരീരത്തേയും മനസിനേയും നമുക്ക് നിരീക്ഷിക്കുകയും, അവയ്ക്ക് സ്വീകാര്യമായത് വളരെ ചെറിയ അളവിൽ നൽകുകയുമാണ് വേണ്ടത്.  ഇപ്പോൾ നമ്മുടെ മനസിന്റെ-ശരീരത്തിന്റെ അവസ്ഥ എന്ത് എന്ന് നന്നായി അറിഞ്ഞിരിക്കണം.  അവയുടെ സ്വാഭാവിക രീതികൾ അറിയണം.  ആദ്യമായി നമുക്ക് ഉണ്ടാവേണ്ടത് നമ്മുടെ അകത്തേക്ക് മനസിലേക്ക്/ഉള്ളിലേക്ക് ഒന്നു ശ്രദ്ധിക്കുന്ന ശീലം ഉണ്ടാക്കുക എന്നുള്ളതാണ്.  ആന്തരമായ-സഞ്ചിത വിവരങ്ങളെ ഉപയോഗപ്പെടുത്തണം.  ഓർമ്മിക്കുകയും; താരതമ്യം ചെയ്യുകയും; ശരിതെറ്റുകൾ ആലോചിക്കുകകയുമൊക്കെ നാം ചെയ്യാറുണ്ട്.  ഇത്തരത്തിൽ നമ്മുടെ ആന്തര പ്രക്രിയകൾ നടത്താതെ ഒരാൾക്കും സ്വാഭാവിക ജീവിതം നയിക്കാനാവില്ല.  ഇത്തരത്തിൽ നമ്മുടെ ഉള്ളിൽ എന്തെല്ലാം നടക്കുന്നു എന്നു നിരീക്ഷിക്കുകയും വേണമെങ്കിൽ എഴുതിവയ്ക്കുകയും-ഒരു തുടർ പ്രക്രിയപോലെ അത് എന്നും ചെയ്യുകയും ചെയ്താൽ മെല്ലെ മെല്ലെ നമ്മെത്തന്നെ രൂപപ്പെടുത്താൻ കഴിയും എന്നു ബോധ്യമായി തുടങ്ങും.  നാമേതെങ്കിലുമൊരുകാര്യത്തേപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ; അല്ലെങ്കിൽ വായിച്ചുകൊണ്ടിരിക്കുമ്പോൾ;അതുമല്ലെങ്കിൽ ഒരു കാര്യം കേട്ടുകൊണ്ടിരിക്കുമ്പോൾ ‘മനസ്’ മറ്റൊരു വഴിക്കുകൂടി സഞ്ചരിച്ചുപോകും.  ഒന്നിൽ മാത്രം ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്ന് പൊതുവിലുള്ള ഒരു മാനസികാവസ്ഥയായി ആളുകൾ പറയാറുണ്ട്.  നമുക്ക് അനുഭവപ്പെടാറുണ്ട്.  ഇത് വളരെ സ്വാഭാവിക മാനസിക ചലനമാണ്.  ഇതൊരു ദോഷമല്ല.  ഒരു കാര്യം ശ്രദ്ധിച്ചാൽമതി.  മനസ് ചെന്നിടത്തുനിന്നും എന്തു പഠിച്ചു എന്നോ; ഒന്നും പഠിച്ചില്ല എന്നോ; നാം മനസ്സിലാക്കിയാൽ മതി.  വളരെ ചെറുകെച്ചെറുകെ പാഴ്ശ്രമങ്ങൾ മനസ്സുപേക്ഷിക്കും.  ഓരോ കാര്യങ്ങളുടെ പരസ്പര ബന്ധവും; യോജിപ്പും വിയോജിപ്പുമൊക്കെ ശ്രദ്ധിച്ചു തുടങ്ങും.  മനസ് ചിതറി ഓടുന്നിടത്തു നിന്നും പാഠം പഠിക്കുന്ന രസകരവും ഗുണപരവുമായ അവസ്ഥ സംജാതമാകും.  ഇതു നിത്യേന ആവർത്തിച്ചാൽ നമ്മുടെ മനസിന്റെ സ്വാഭാവിക ചലനങ്ങൾക്കനുസൃതമായ ഒരു മാനസിക വ്യായാമമായി അതു മാറും.  ജീവിതവിജയത്തിനാവശ്യമായമാനസിക കഴിവുകളുടെ പരിപോഷണവും, പരിശീലനവുമായി മാനസിക വ്യായാമത്തെ നാം സ്വയം ബന്ധിപ്പിക്കണം.  നിർദ്ദിഷ്ട മാനസിക കഴിവുകൾ നേടുവാനാവശ്യമായ മാനസികാരോഗ്യം നേടുവാൻ ശാരീരിക സ്വസ്ഥതയും ആരോഗ്യവും വളരെ സഹായകരമായിരിക്കും തരുക.  ശാരീരിക സ്വസ്ഥത കൈവരിക്കാൻ സ്വാഭാവികമായും നമ്മളിൽ ചില സംശുദ്ധീകര ശ്വസന പ്രക്രിയകളും; സമാശ്വാസ വ്യായാമങ്ങളുമുണ്ട്.  നാം ജനിച്ച് ബാല്യാവസ്ഥകളിൽ നിലനിൽക്കുന്ന വളരെ കാര്യങ്ങൽ ശ്രദ്ധിച്ചാൽനമുക്കത് മനസിലാക്കാൻ സാധിക്കും.  ശ്വസിക്കുമ്പോൾ വയറനങ്ങി ശ്വസിക്കുന്നതും, കളിക്കുമ്പോൾ കൈകാലുകൾ ചലിപ്പിക്കുന്നതും, ഇരിക്കുമ്പോൾ ഉപ്പൂറ്റിയിൽ ഇരിക്കാതെ നിലത്തിരിക്കുന്നതുമെല്ലാം നമുക്ക് സ്വാഭാവികമായി സ്വീകരിക്കേണ്ട വ്യായാമ ചിട്ടകളുടെ അംശങ്ങളടങ്ങിയിരിക്കുന്നതു കാണാം.  തുമ്മുക എന്നൊരു സ്വാഭാവിക ക്രിയയെ നോക്കുക.....!  ശ്വസകോശത്തിലെ അധിക വായുവിനെയും; സൈനസിലെ പൊടിയും; കഫവും; പുറത്തുകളയാനും; ശ്വസന നാളത്തേയും വ്യവസ്ഥയേയും വികസിപ്പിച്ച് Refresh ചെയ്യാനുമുള്ള ജന്മനായുള്ള ഒരു ശ്വസന ക്രിയ ആണ് തുമ്മൽ.  സ്വാഭാവികമായ ഈ തുമ്മൽ ക്രിയയെ സഹായിക്കേണ്ട കാര്യം നമുക്കില്ല.  എന്നാൽ ചിലപ്പോഴെങ്കിലും അതിന്റെ ആവശ്യം വന്നെന്നു വരാം. അങ്ങനെ വന്നാൽ കൂടുതൽ മെച്ചമായി പ്രകൃതിപരമായ ആ അവസ്ഥയിലേക്ക് തിരിച്ചു വരാൻ സഹായിക്കുന്ന യോഗയിലെ ഒരു ശ്വസന വ്യായാമമാണ് ‘ഭസ്ത്രിക’ എന്നുള്ള പേരിൽ അറിയപ്പെടുന്നത്.  അതുപോലെ ശ്വസനത്തിന്റെ മറ്റൊരു ക്രിയ ആണ് ‘കോട്ടുവാ’ ഇടുക എന്നതും.  ഇത് ശ്വാസം കൂടുതലായി വേണ്ടി വരുമ്പോൾ നാമറിയാതെ അതിന്റെ പ്രചോദനത്തിലകപ്പെട്ടുപോകും.  ശ്വാസകോശത്തിന്റെ പൂർണവികാസവും, ഡയഫ്രത്തിന്റെ ഇലാസ്തികതയും ഏറ്റവും മികച്ചതാക്കിയെടുക്കാനും; വാരിയെല്ലിന്റെ ചലന വികാസ ശേഷി നിലനിർത്താനും സഹായിക്കുന്ന യോഗയിലെ മറ്റൊരു ശ്വസന വ്യായാമമാണ് ‘യോഗിക്ക് ബ്രീത്ത്’.  ഇത്തരത്തിൽ പഞ്ചേന്ദ്രിയ ശുദ്ധിയും, ദഹനേന്ദ്രിയ ശുദ്ധതയുമെല്ലാം കൈവരിക്കുന്ന യോഗമാർഗങ്ങളുണ്ട്.  ആഹാര നിയന്ത്രണങ്ങളുൾപ്പെടെ ശാരീരികവും-മാനസികവുമായ സ്വാഭാവിക-നൈസർഗീക പ്രക്രിയകളെ സഹായിക്കുന്ന തെരഞ്ഞെടുത്ത വ്യായാമത്തിന്റെ സ്വാഭാവികതകളാണ് യോഗയുടെ മഹത്തരമായ തലം.  ഇത് ഏതെങ്കിലും മതത്തിന്റെ അവകാശമല്ല.  മനുഷ്യൻ തുമ്മുന്നത് ഏതെങ്കിലും മതത്തിന്റെആത്മീയ ക്രിയ അല്ല.  അങ്ങനെ മതത്തിന്റേതാണ് എന്നുള്ള വാദം യഥാർത്ഥ മനുഷ്യാവസ്ഥയുടെ മൂക്കിൻതുമ്പത്തു മാത്രമാണ്.  പറ്റിപ്പിടിച്ച് വല്ലാതെ നീളം വയ്ക്കുന്നതിന് മുമ്പ് ഒന്നു തുമ്മിയാൽ മതിയാവും യഥാർത്ഥ മനുഷ്യനിലേക്ക് യോഗയെ തിരിച്ചുകൊണ്ടുവരാൻ.  ചുരുക്കത്തിൽ ജീവിത വിജയമാണ് യോഗയുടെ ലക്ഷ്യം.  അതിനായി മാനസിക-ശാരീരിക കഴിവുകളുടെ സംയോജനവുമാണ് യോഗ.

(‘യോഗ’ ഇന്ത്യയിലെ പൗരാണിക തത്വശാസ്ത്രശാഖകളിൽ പ്രമുഖമായതും; ദ്വൈതവാദ സ്വഭാവമുള്ളതുമായ സ്വതന്ത്ര ദർശന ശാഖയാണ്.  ഇതിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നതിൽ പ്രധാനി. 2300(BC) കാലഘട്ടത്തിൽ ജീവിച്ച ‘പതഞ്ജലി’ മഹർഷിയാണ്.  ആത്മാവും-ശരീരവും രണ്ടാണെന്നും ശരീരത്തിനും ആത്മാവിനും പൊരുത്തപ്പെടുവാനോ ലയിച്ചു ചേരുവാനോ കഴിയും എന്ന തത്വശാസ്ത്രശാഖയാണ് ‘ദ്വൈത’വാദം ‘യോഗ’ ഇന്ന് ലോക കമ്പോളത്തിൽ വിപണനമൂല്യമുള്ള ആരോഗ്യ ഉല്പന്നമാണ്.  ആരോഗ്യരംഗമാണ് വരാൻപോകുന്ന ഏറ്റവും ലാഭം കൊയ്യുന്ന വിപണനരംഗം. ഈ വിപണി രംഗത്ത് യോഗയെ മത ഉല്പന്നമാക്കി വിറ്റുപോരുന്ന അവസ്ഥകൂടി സംജാതമായിട്ടുണ്ട്.)





# വളരെ വായിച്ച്, കുറച്ചെഴുതുക

**എസ്. ഗുപ്തൻ നായർ**

**ഇന്നത്തെ സാഹിത്യത്തെ വിലയിരുത്തിയാൽ, ധാരാളം നല്ല കഥകളും കുറെ നല്ല നോവലുകളും ഉണ്ടാകുന്നുണ്ട്. രചനയിൽ പരീക്ഷണങ്ങളും നടക്കുന്നുണ്ട്. മനുഷ്യനു മനസ്സിലാവണമെന്ന ലളിതസത്യം മറക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നു.**

ആദ്യത്തെ രചന 'മലയാള നാടകം അന്നും ഇന്നും' (സഹൃദയ മാസിക 1941) എന്ന ലേഖനമാണ്. ആദ്യലേഖനങ്ങൾ എല്ലാം പ്രസിദ്ധീകരിച്ചു (നവജീവൻ, മാതൃഭൂമി) 1941 ലും 1942 ലും. എസ്.ജി. നായർ ബി.എ. (ഓണേഴ്സ്) എന്നായിരുന്നു ആദ്യകാലത്ത് പേരുവച്ചിരുന്നത്.

സാഹിത്യാഭിരുചിയുണ്ടായിരുന്നതുകൊണ്ട് എഴുതുവാനാരംഭിച്ചു. ചെറുപ്പത്തിലേ ധാരാളം വായിച്ചിരുന്നു. ഓണേഴ്സിനു പഠിക്കുന്ന കാലത്ത് ചില അദ്ധ്യാപകർ, എന്റെ ശൈലി നന്നെന്ന് അഭിപ്രായപ്പെട്ടു. അതും എനിക്കു ധൈര്യം പകർന്നു.

എന്തെഴുതിയാലും കുറെ ആശയങ്ങൾ ഉണ്ടാവണം. വിമർശകനും ഉപന്യാസകാരനും ആണെങ്കിൽ പറഞ്ഞു പഴകിയതു കഴിയുന്നത്ര ഉപേക്ഷിക്കുക. ആശയങ്ങൾ അടുക്കിപ്പറയണം. ഒരു ഖണ്ഡികയിൽ നിന്ന് അടുത്ത ഖണ്ഡികയിലേക്ക് യുക്തിപൂർവ്വം എന്നാൽ അയത്നമായി നീങ്ങണം. എങ്കിലേ കെട്ടുറപ്പുണ്ടാകൂ.

എഴുതുമ്പോൾ ഞാൻ ഭാഷയും ശൈലിയും ശ്രദ്ധിക്കും. ഗദ്യം ആവുന്നത്ര താളാത്മകമാക്കണം. എനിക്ക് സംഗീത ജ്ഞാനമുള്ളതിനാൽ താളബോധം തിരിച്ചറിയാൻ എളുപ്പമുണ്ട്. കവികളെപ്പോലെതന്നെ ഗദ്യകാരനും വെട്ടിത്തിരുത്തണം. Best words in the best order എന്ന് കോൾറിജ് കവിതയെപ്പറ്റി പറഞ്ഞത് ഗദ്യത്തിലും ഒട്ടൊക്കെ സ്വീകാര്യംതന്നെ. ചീത്ത ഗദ്യം ദുസ്സഹമാണ്. ചീത്ത പദ്യംപോലെതന്നെ.

സാഹിത്യജീവിതത്തിൽ കയ്പുള്ള അനുഭവങ്ങൾ ഒന്നുമുണ്ടായിട്ടില്ല. ചെറുപ്പത്തിൽതന്നെ അംഗീകാരം ലഭിച്ചു. പ്രതീക്ഷിച്ചതിലധികം ലഭിച്ചു. ദൈവത്തിനു നന്ദി.

ഇന്ന് എഴുത്തുകാരൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം, പുസ്തക പ്രസിദ്ധീകരണത്തിന്റെ വാതിലുകൾ ഓരോന്നായി അടഞ്ഞുപോകുന്നു എന്നതാണ്. പുതിയ എഴുത്തുകാരുടെ നല്ല രചനകൾ എത്രയോ വെളിച്ചം കാണാതെ നശിച്ചുപോകുന്നു. മറ്റൊരു പ്രശ്നം സിനിമയിലെ പോലെ എഴുത്തുകാരിലും ഗ്ലാമർ താരങ്ങളുണ്ടാവുന്നു എന്നതാണ്. അവരുടെ പുറകേ ആളുകൾ കൂട്ടംകൂടുന്നു. കഴിവുള്ള പലരും വിസ്മരിക്കപ്പെടുന്നു. വിവേചനം നശിക്കുന്നു.

ഇന്നത്തെ സാഹിത്യത്തെ വിലയിരുത്തിയാൽ, ധാരാളം നല്ല കഥകളും കുറെ നല്ല നോവലുകളും ഉണ്ടാകുന്നുണ്ട്. രചനയിൽ പരീക്ഷണങ്ങളും നടക്കുന്നുണ്ട്. മനുഷ്യനു മനസ്സിലാവണമെന്ന ലളിതസത്യം മറക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നു.



(ഒന്നാമതായി) എഴുത്തുകാരന്റെ പ്രതിബദ്ധത തന്നോടുതന്നെ. നിങ്ങളുടെ പ്രയത്നത്തിന്റെ പരമാവധി വരെ ഉപയോഗിക്കാൻ എപ്പോഴും ശ്രദ്ധിക്കുക. (രണ്ടാമതായി) വായിക്കുന്നവർക്ക് മാനസികോല്ലാസംപോലെ മാനസികോൽക്കർഷവും (Edification) ലക്ഷ്യമാവണം. സാഹിത്യം വായിച്ചാലുടൻ സമുദായമാകെ നന്നാവുകയില്ല. വായിക്കുന്ന വ്യക്തി സമൂഹത്തിന്റെ ഒരു ചെറിയ ഭാഗമാണെന്നുള്ളിടത്തോളം മാത്രമേ സമൂഹത്തെ അതു സ്പർശിക്കൂ. സമൂഹത്തെ കീഴോട്ടു വലിച്ചിറക്കാൻ എന്തായാലും തയ്യാറാവരുത്. പണത്തിനും പ്രശസ്തിക്കും വേണ്ടി പലരും അതു ചെയ്യാറുണ്ട്.

പുത്തൻ എഴുത്തുകാർക്കുള്ള ഉപദേശം; ധാരാളം വായിക്കണം, വിശദമായി ചിന്തിക്കണം, കുറച്ചുമാത്രം എഴുതണം.



**ഒ.എം. ലോഗോസ് സുവിശേഷ കപ്പലിലൂടെ നിരവധി രാജ്യങ്ങളിൽ വചന സന്ദേശവാഹിയാവുകയും, ഉത്തരേന്ത്യൻ സംസ്കാരത്തിൽ സുവശേഷകനായും ജയപ്പൂർ (രാജസ്ഥാൻ) കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഗാപ്പേ ഫെലോഷിപ്പിന്റെ (AIM) സ്ഥാപകനും, സീനിയർ പാസ്റ്ററുമായ പീറ്റർ കുരുവിളയുടെ ജീവിതാനുഭവങ്ങളുടെ മൂന്നാം ലക്കം.**

ജീവചരിത്രം

# വേലയിലെ വഴിത്താരകൾ

റവ. പീറ്റർ കുരുവിള

മുളക്കുഴ ബൈബിൾ കോളജ് മഴയിൽ കുളിച്ചുനിൽക്കുന്ന ഒരു പകൽ. കാറ്റും മഴയും കാര്യമാക്കാതെ വേദപഠനം സ്വപ്നം കണ്ട് ദൈവീക വിളിയുമായി ചെറുപ്പക്കാർ ഇന്റർവ്യൂ റൂമിനു വെളിയിൽ നില ഉറപ്പിച്ചിരിക്കുന്നു. അകത്ത് ഇന്റർവ്യൂ റൂമിൽ, വിലയം പോസ്പിസിൽ സായിപ്പിനും, എം.വി. ചാക്കോസാറിനുമൊക്കെ മുമ്പിലിരുന്ന് ഒരു ചെറുപ്പക്കാരൻ ചോദ്യങ്ങളെ നേരിടുന്നു. സായിപ്പ് ചോദിച്ചു. യേശു ജനിച്ച സ്ഥലം എവിടെയാ?

യരുശലേം - ഉടൻ മറുപടി ഉണ്ടായി.

സായിപ്പിന് ഈ യുവാവിനോട് അല്പം അലിവു തോന്നിയിരിക്കണം. സായിപ്പ് പറഞ്ഞു. യരുശലേമിൽ നിന്ന് കുറച്ച് മൈലുകൾകൂടി പോകണം; ഓർത്തു നോക്കൂ... ആ സ്ഥലം എവിടെയെന്ന്.......

തക്ക സമയത്ത് എം.വി. ചാക്കോസാർ രക്ഷയ്ക്കെത്തിയതിനാൽ ഈ യുവാവ് ഉത്തരം പറഞ്ഞു അങ്ങനെ മുളക്കുഴ വേദപാഠശാലയിൽ പഠിക്കുവാൻ അനുവാദവുമുണ്ടായി. അങ്ങനെ ആയിരുന്നു പീറ്ററിന് വൈദീക വിദ്യാഭ്യാസത്തിന് തട്ടകമൊരുങ്ങിയത്.

“എം.വി. ചാക്കോസാർ ഗുരുവിനപ്പുറം ഒരു നല്ല സുഹൃത്തുകൂടിയായിരുന്നു” കാലങ്ങൾക്കുശേഷം നന്ദിയുടെ സ്മരണകൾ പീറ്ററിന്റെ മനസിൽ ഉണരുന്നു. പുസ്തകങ്ങളെ മറ്റെന്തിനെക്കാളും സ്നേഹിച്ച ചാക്കോസാർ, പുസ്തകങ്ങൾ വിട്ടുകളിക്കുന്നതിൽ അല്പം പിശുക്കുള്ള ആളായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ സ്വന്തം പുസ്തകശേഖരത്തിൽനിന്നും വായനക്കുവേണ്ട ഗ്രന്ഥങ്ങൾ പീറ്ററിന് കിട്ടുമായിരുന്നു. അങ്ങനെ വായനയുടെ വാതായനങ്ങൾ ആ യുവാവിന്റെ ജീവിതത്തിൽ തുറന്നിടാൻ എം.വി. ചാക്കോ എന്ന വലിയ ഗുരുവിന് കഴിഞ്ഞതുവഴി, എല്ലാ ദിനവും കുറെയേറെ സമയം വായനക്കും പഠനത്തിനുമായി മാറ്റിവെക്കുന്ന സ്വഭാവത്തിന് വഴിമരുന്ന് ഇടുന്ന പ്രക്രിയ കൂടിയാണ് ചാക്കോസാർ ചെയ്തതെന്നും ഇന്ന് പീറ്റർ കുരുവിള വിനീതമായി ഓർമ്മിക്കുന്നു.

മാലക്കര അപ്പച്ചൻ, റ്റി.എം. സാറപ്പച്ചൻ, എം.ഐ. ജോസഫ്, കാനം അച്ചൻ റ്റി.ജി. ഉമ്മച്ചൻ, തുടങ്ങിനല്ലൊരു നിര ഗുരുക്കൻമാർ ഈ യുവാവിനെ വേദവചനം അഭ്യസിപ്പിച്ചു. പഠനകാലത്ത് പാസ്റ്റർ വി.സി. ഇട്ടി സീനിയർ സ്റ്റുഡന്റും, പാസ്റ്റർ പി.ജെ. ജോസഫ് സഹപാഠിയുമായിരുന്നു.

മനസിൽ നിറവും നിർവൃതിയും ഉണർത്തുന്ന മുളക്കുഴ ഓർമ്മകളിൽ ഒന്നിൽ ചിരിതൂകി നിൽക്കുന്ന സതീർഥ്യനുണ്ട് പൊടിമോൻ എന്നായിരുന്നു അവന്റെ പേര്. സുവിശേഷത്തിന്റെ തീവ്രതയും ചൂരുള്ള പ്രകൃതവും കണ്ട് പീറ്റർ പൊടിമോന്റെ സൗഹൃദാകർഷണത്തിൽ അലിഞ്ഞു.

മൂന്നാം വർഷ വിദ്യാർത്ഥികളായ അവർ ചാപ്പലിൽ പ്രാർത്ഥനക്ക് സമയം കണ്ടെത്തി. ചില സമയം കൂടുതൽ കൂട്ടുകാർ ഒത്തുകൂടി പ്രാർത്ഥിക്കുന്ന രാത്രികളും ഉണ്ടായിരുന്നു. ഒരിക്കൽ ഒരദ്ധ്യാപകൻ വന്ന് പ്രാർത്ഥന വിലക്കി “ഇവിടെ വന്നത് പഠിക്കാനാണ്, ബഹളം വയ്ക്കാനല്ല”

എങ്കിലും ആ പ്രാർത്ഥന കൂടിവരവ് ശക്തമായി വളർന്നു. ഒരു രാത്രിയിൽ അത് മുഴുരാത്രി പ്രാർത്ഥനയായി വളർന്നു. ആത്മമാരിയുടെ ഒരു പെയ്ത്തുതന്നെ ഉണ്ടായി. ഡോർമെട്രിയിൽ നിന്നും മറ്റ് വിദ്യാർത്ഥികളും അയൽപക്കങ്ങളിൽ നിന്ന് അദ്ധ്യാപകരും ചേർന്ന് ആരാധിക്കുന്ന അവസ്ഥാ വിശേഷത്തിലേക്ക് ആ രാത്രി മാറി. ഒരു സഹോദരൻ പീറ്ററിനോട് പ്രവചനാത്മാവിൽ പറഞ്ഞു.



നിന്നെ ഞാൻ ഭൂമിയുടെ പല കോണുകളിൽ പലഭാഷക്കാരുടെ ഇടയിൽ നിർത്തും. ഇത് വിശ്വസിക്കാൻ പ്രയാസമായിരുന്നു. കാരണം ഒരിക്കലും കേട്ടിട്ടില്ലാത്ത ഭാഷക്കാരുടെ മുമ്പിൽ നിൽക്കാൻ തനിക്ക് മറുഭാഷകൾ ഒന്നും അറിയായമായിരുന്നില്ല എന്നതുതന്നെ കാരണം.

എങ്കിലും മാവേലിക്കരക്കാരൻ പൊടിമോനുമൊത്ത് പ്രാർത്ഥനയിൽ കൂടുതൽ സമയം ചെലവിട്ടു. നോർത്ത് ഇന്ത്യയ്ക്ക് പോകണമെന്ന താല്പര്യം ആദ്യമായി അറിയിക്കുന്നതും പൊടിമോൻ ആയിരുന്നു. ഉത്തരേന്ത്യൻ ഭൂമിയിൽ സുവിശേഷത്തിന്റെ വിപ്ലവം നെഞ്ചിലേറ്റിയ പൊടിമോൻ ഹിന്ദി വിദ്വാൻ പാസായ വ്യക്തികൂടി ആയിരുന്നു. ആയിടക്ക് ആഗ്രയിലേക്ക് പഠനാർത്ഥം പോയി തിരിച്ചു വരുമ്പോൾ ട്രെയിനിൽവെച്ച് പൊടിമോൻ ഈ ലോകവാസം വെടിഞ്ഞു. 1968 ഒക്ടോബർ 18 ന് നടന്ന ഈ സംഭവം പീറ്ററിനെ മാനസികമായും ശാരീരികമായും തളർത്തിയെങ്കിലും വേലയിൽ അതൊരു വഴിത്തിരിവായിരുന്നു. നോർത്ത് ഇന്ത്യയിലേക്ക് സുവിശേഷത്തിന്റെ പ്രകാശ കിരണങ്ങളുമായി പോകുവാൻ പ്രേരകമായ വെല്ലുവിളിയായിരുന്നു പൊടിമോന്റെ മരണം. പിന്നീടുള്ള ദിനങ്ങൾ ഓരോന്നും ഉത്തരേന്ത്യൻ ഗ്രാമങ്ങളുടെ ഇടവഴികളിൽ ഉയരുന്ന സുവിശേഷത്തിന്റെ മാറ്റൊലികൾ സ്വപ്നം കണ്ടാണ് പീറ്റർ ഉറങ്ങിയത്. യേശു വചനങ്ങൾക്കുവേണ്ടി അന്ന് കൊടുത്ത നെഞ്ചും നെറ്റിയും ഇന്നും ഉയർത്തിപ്പിടിച്ച് സുവിശേഷ വിപ്ലവത്തിന്റെ രണഭൂമിയിൽ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി ഈ ദൈവദാസൻ കൂടുതൽ ഉപയോഗിക്കപ്പെടുന്നു എന്നത് സുവിശേഷ സ്നേഹികൾക്ക് ആഹ്ലാദം നൽകുന്ന കാര്യമാണ്.

*തുടരും*



# മാധ്യമ വിചാരണ

ജെ.പി

ബിലീവേഴ്സ് ജേണലിലേക്ക് കടന്നാൽ ചിൻവാദ് പാലത്തിന്റെ മറ്റൊരു വശമാണ് പറയാൻ ശ്രമിക്കുന്നത്. എം.എം. അക്ബർ ക്രൈസ്തവരെ വെല്ലുവിളിക്കുകയും, മാതൃത്വത്തെ നിഷേധിക്കുന്നവനും ധർമ്മിഷ്ടനായ മദ്യപാനിയുമാണ് യേശുവിനെ ചിത്രീകരിക്കുന്നതെന്ന് പറയുന്നു; പ്രത്യേകിച്ച് അദ്ദേഹമെഴുതിയ 'ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ' എന്നതിൽ. അക്ബറിനെതിരെ ക്രൈസ്തവ വിശ്വാസ സംരക്ഷണ സമിതി പരാതി നൽകിയിട്ടുണ്ട് എന്നതാണ് ആശ്വാസം!

മരുപ്പച്ച സമകാലിക പത്രികയുടെ എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ "സഹോദരങ്ങളെപ്പോലെ കഴിഞ്ഞവർ" എന്ന എഡിറ്റോറിയൽ 'ചിൻവാദ് പാല' വുമായി ബന്ധപ്പെട്ട വിഷയമാണ്. ഒരാളുടെ ആശയത്തിന്റെയോ, രചനയുടെയോ ഉത്തരവാദിത്തം അദ്ദേഹം ഉൾപ്പെട്ട് നിൽക്കുന്ന സമുദായത്തിന്റെ അറിവോ അനുമതിയോ ഉണ്ടാവില്ലെന്നും അതുകൊണ്ട് പെന്തക്കോസ്ത് സമൂഹത്തെ മൊത്തത്തിൽ പ്രശ്നക്കാർ എന്ന നിലപാടിൽനിന്ന് നോക്കിക്കാണരുതെന്നുമാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. യുക്തിപൂർവ്വമായ, മതസൗഹാർദ്ദ/മനുഷ്യ സൗഹാർദ്ദ നിലപാടിൽ ഊന്നി നിന്നുകൊണ്ടാണ് ഇപ്രാവശ്യത്തെയും അദ്ദേഹത്തിന്റെ മുഖപ്രസംഗം. കേരളത്തിൽ മനുഷ്യ സൗഹാർദ്ദം പുലർന്ന് കാണണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും ചെയ്യുന്നു. വളരെ നല്ലൊരു മുഖപ്രസംഗമാണിത്.

ഡോ. കെ. മുരളീധറിന്റെ നമ്മുടെ ജോലിസ്ഥലം, നമ്മുടെ സുവിശേഷ വയൽപ്രദേശം എന്ന ലേഖനത്തിൽ അദ്ധ്യാത്മിക/ഭൗതിക വേർതിരിവുകൾ എന്നൊന്നില്ലെന്നും, ദൈവം തന്നിരിക്കുന്ന ഏതൊരു മേഖലയും ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണത്തിനായി ഉപയോഗിക്കണം എന്ന ആശയമാണ് ഉന്നയിക്കുന്നത്. അതിൽ അത്ര പുതുമയൊന്നുമില്ലാത്ത ചിന്താധാരയാണ്. എങ്കിലും മുരളീധറിനെപ്പോലുള്ളവർ ഇപ്പോഴും അത്തരം ആശയങ്ങൾ പറയുന്നുവെന്നത് പുതുമയുള്ള സംഗതി ആയിരിക്കാം ചിലർക്കെങ്കിലും.

ചിരിയും കാര്യവും എന്ന പംക്തിയിൽ ഡോ. ജോർജ്ജ് സാമുവൽ എഴുതിയിരിക്കുന്നതിൽ ഈ രണ്ട് കാര്യങ്ങളും കണ്ടെത്തണമെങ്കിൽ അശ്രാന്തപരിശ്രമം ആവശ്യമാണ്. ബിലീവേഴ്സ് ജേണലിലേക്ക് കടന്നാൽ ചിൻവാദ് പാലത്തിന്റെ മറ്റൊരു വശമാണ് പറയാൻ ശ്രമിക്കുന്നത്. എം. എം. അക്ബർ ക്രൈസ്തവരെ വെല്ലുവിളിക്കുകയും, മാതൃത്വത്തെ നിഷേധിക്കുന്നവനും ധർമ്മിഷ്ടനായ മദ്യപാനിയുമാണ് യേശുവിനെ ചിത്രീകരിക്കുന്നതെന്ന് പറയുന്നു; പ്രത്യേകിച്ച് അദ്ദേഹമെഴുതിയ 'ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ' എന്നതിൽ. അക്ബറിനെതിരെ ക്രൈസ്തവ വിശ്വാസ സംരക്ഷണ സമിതി പരാതി നൽകിയിട്ടുണ്ട് എന്നതാണ് ആശ്വാസം! ഇതിനോടൊപ്പം മറ്റൊരു വിവാദത്തിനും തിരി തെളിക്കുകയാണ് നോബിൾ എന്ന എഴുത്തുകാരന്റെ "ഇസ്ലാമിക ദർശനം വിമർശനങ്ങൾ വസ്തുതകൾ" എന്ന പുസ്തകത്തിന്നെതിരെ ഏപ്രിൽ 26 ലെ തേജസ് പത്രത്തിലൂടെയാണ് ഈ വാർത്ത വന്നിരിക്കുന്നത്.

സാംകുട്ടി മാത്യു – ചീഫ് എഡിറ്റർ – നമ്മുടെ സഭകൾക്ക് എന്ത് സംഭവിച്ചു എന്ന എഡിറ്റോറിയലിൽ സഭാ നേതൃത്വത്തിന്നെതിരെയാണ് വിമർശനങ്ങൾ ഉന്നയിച്ചിരിക്കുന്നത്. 'യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഈ വിഷയം ശരിയായ രീതിയിൽ കൈകാര്യം ചെയ്യണമെന്നാണ്' അദ്ദേഹം പറയുന്നത്. വളരെ ദയനീയാവസ്ഥയിലാണ് സാംകുട്ടി കാര്യങ്ങൾ അവതരിപ്പിക്കുന്നത്. പെന്തക്കോസ്തരും മനുഷ്യരാണെന്നും അവർക്കും മനുഷ്യാവകാശങ്ങൾ ഉണ്ടെന്നും തങ്ങൾക്കും വോട്ടുണ്ടെന്നുമൊക്കെ എഡിറ്റോറിയലിലെങ്കിലും പറയാനുള്ള മിനിമം ധൈര്യമെങ്കിലും സാംകുട്ടി മാത്യു കാണിക്കേണ്ടതായിരുന്നു.

അകംപൊരുൾ – ആത്മിക വീരന്മാരുടെ വൻവീഴ്ചകളെക്കുറിച്ചാണ് പറയുന്നത്. ദ്രവ്യാഗ്രഹം എല്ലാ താലന്തുകളെയും – വരങ്ങളെയും നിഷ്ഫലമാക്കും എന്നാണ് പറയുന്നത്.

പ്രതിവാരചിന്തകളിൽ – റവ. ഡോ. ബോബി വർഗ്ഗീസ് – ഏലിയാവും ഏകാന്തതയും എന്ന താണിപ്രാവശ്യത്തെ വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്. ഏലിയാസ് ഏകാന്തതയനുഭവിച്ചോ ഇല്ലയോ എന്നത് ഇപ്പോഴുള്ളവർക്ക് എത്തരത്തിലുള്ള അനുഭവമാണ് കൈവരിക്കാൻ കഴിയുന്നത്? അതിനെ വർത്തമാന കാല സംഗതിയുമായി ബന്ധപ്പെട്ട് പറയാൻ കഴിയാതെ പോയി എന്നത് എക്കാലത്തെയും അദ്ദേഹത്തിന്റെ പ്രതിസന്ധിയാണ്. ധ്യാനപ്രസംഗമാണെങ്കിൽ അതിലെന്തെങ്കിലും ധ്യാനാത്മകത വേണം. പ്രസംഗക്കുറിപ്പാണെങ്കിൽ ആർക്കെങ്കിലും അതുകൊണ്ട് ഉപകാരം ഉണ്ടാവാം. ഇത്തരം ചിന്തകൾ പ്രതിവാരമിറങ്ങുകയാണെങ്കിൽ ക്രൈസ്തവ ചിന്താലോകത്തിന് അയ്യോ കഷ്ടം എന്നാണ് പറയാൻ തോന്നുന്നത്.

വിധിയും വിചാരണയും – രാജു ആനിക്കാടിന്റെ പംക്തി ഇപ്രാവശ്യവും നന്നായിരിക്കുന്നു. കുറച്ച് വാക്കുകളിൽ കൂടുതൽ കാര്യങ്ങൾ ധ്വനിപ്പിക്കുവാൻ കഴിയുന്നുവെന്ന് എടുത്ത് പറയാതിരിക്കുക വയ്യ. കുറെക്കൂടി ദൈവശാസ്ത്ര വിചിന്തനങ്ങൾ അദ്ദേഹത്തിന് നടത്താൻ കഴിയും. അത് ഇനിയുള്ള നാളുകളിൽ ഉണ്ടാവും എന്ന് പ്രതീക്ഷിക്കുന്നു.

മാധ്യമവിചാരം – അനിൽ കൊടിത്തോട്ടത്തിന്റെ മുൻ ലക്കങ്ങളേക്കാൾ കുറെക്കൂടി ഭേദമാകുന്നുണ്ട്. മാസികകളിൽ വരുന്നവയെ വിമർശിക്കാതെ നേതൃത്വത്തെ മാത്രം വിമർശിക്കുന്നതിനെ മാധ്യമവിചാരം എന്ന് പറയാനാവുമോ? മാസികയുടെ ഉള്ളടക്കത്തെ കുറെക്കൂടി നിശിതമായ വിമർശനങ്ങളോ നിർദ്ദേശങ്ങളോ ആയിരിക്കണം മാധ്യമവിചാരത്തിലൂടെ പ്രതീക്ഷിക്കുന്നത്.



അതിനി അനിൽ കൊടിത്തോട്ടം എത്ര കാതം നടക്കണം. അദ്ദേഹത്തിന്റെ ലേഖനത്തിന്റെ തലക്കെട്ട് പോലെ 'ചെയ്യാനുള്ളത് വേഗത്തിൽ ചെയ്യുക'.

ക്രൈസ്തവ ചിന്തയുടെ മുഖലേഖനം ചിൻവാദ് പാലം കേസ് പിൻവലിക്കണം എന്നതാണ്. യുക്തിവാദിസംഘം വൈസ് പ്രസിഡന്റായസെയ്ത് മുഹമ്മദിന്റേതാണീ പ്രസ്താവന. കേരള സർക്കാരിന്റെ പുരോഗമനമുഖത്തെ ഈ സംഭവം പിച്ചിച്ചീന്തിയിരിക്കുകയാണെന്നാണദ്ദേഹത്തിന്റെ വാദം.

ഇന്ത്യയുടെ ആത്മാവ് കണ്ടറിയാത്ത തരൂരാണ് എഡിറ്റോറിയൽ. ക്യാപിറ്റലിസത്തിൽ വസിച്ച് ഇന്ത്യയിൽ വന്ന് കോൺഗ്രസിന്റെ സ്ഥാനാർത്ഥി ആയി ജയിച്ച തരൂരിന് ഇന്ത്യയുടെ യഥാർത്ഥ പ്രശ്നങ്ങൾ അറിയില്ല എന്നാണ് വിമർശനം. എഡിറ്റോറിയൽ നന്നായിരിക്കുന്നു.

ശിശുപ്രതിഷ്ഠ ഉത്സവമാക്കി മാറ്റിയതിനെ വിമർശിച്ചുകൊണ്ട് പി.ജി. വർഗ്ഗീസ് ഒക്കലഹോമ എഴുതിയ ശിശുപ്രതിഷ്ഠ മഹാമഹം മാമോദീസായ്ക്ക് പകരം എന്ന ലേഖനത്തിൽ, ദൈവവചനത്തിൽ യാതൊരു തെളിവുമില്ലാത്ത ഈ ആചാരം എങ്ങനെ കടന്ന് കൂടി എന്ന് ആശ്ചര്യപ്പെടുകയാണ് ലേഖകൻ. സമകാലിക വിഷയത്തെ ക്രൈസ്തവ വിശ്വാസത്തിന്റെ വീക്ഷണത്തിൽ എഴുതിയിരിക്കുന്ന ഈ ലേഖനത്തിന് ഇപ്പോൾ വലിയ പ്രസക്തിയുണ്ട്. മക്കൾ ദൈവം തരുന്ന ദാനമാണെന്നും അതിന്റെ ആഘോഷചടങ്ങുകൾക്ക് പതിനായിരത്തിലധികം ചെലവാക്കുന്നത് ക്രൈസ്തവധർമ്മത്തിന് യോജിക്കുന്നതല്ല എന്നദ്ദേഹം വാദിക്കുന്നു.

'വ്യാഖ്യാനിയില്ലെങ്കിൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതിരിക്കട്ടെ' എന്ന ഡോ. കെ. ജോർജ്ജ് ജോസഫിന്റെ ലേഖനം സമകാലികമാണ്. യഥാർത്ഥ അന്യഭാഷ കേൾവിക്കാർക്ക് മനസ്സിലാവുകയും, അതല്ലെങ്കിൽ ആർക്കെങ്കിലും വ്യാഖ്യാനിച്ച് കൊടുക്കുവാൻ കഴിവുണ്ടായിരിക്കണം/കഴിയണം എന്നതാണ് ലേഖനത്തിലൂടെ ഉന്നയിക്കുന്നത്. ഇന്ന് പല സഭകളിലും എന്തൊക്കെയോ വാക്കുകൾ പുലമ്പുകയും അതാണ് അന്യഭാഷയെന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. അതിനൊരു വിരാമമിടാൻ ഈ ലേഖനത്തിന് കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു പോകുന്നു.

കോമാളിവേഷം കെട്ടിയ വ്യജ 'ഡോ'കളെ കുറിച്ചാണ് ഒരുലേഖനം. പെന്തക്കോസ്ത് സഭയുടെ നേതൃത്വത്തിലിരിക്കുന്ന പലരുടെയും 'ഡോ'കൾ വ്യാജമാണെന്ന് ക്രൈസ്തവ ചിന്ത ഉന്നയിക്കുന്നു. അതുകൊണ്ട് ഇത്തരക്കാർ ക്രൈസ്തവചിന്തയിലേക്ക് ലേഖനങ്ങളോ മറ്റോ അയയ്ക്കുമ്പോൾ 'ഡോ'യിൽ ബ്രാക്കറ്റിട്ട് വ്യാജൻ എന്നെഴുതും എന്നാണ് വെല്ലുവിളിച്ചിരിക്കുന്നത്. അതുകൊണ്ട് വ്യാജ 'ഡോ'കൾ ജാഗ്രതൈ.

കോടതിവിധിയെപ്പോലും വളച്ചൊടിക്കുന്ന മാധ്യമ സിൻഡിക്കേറ്റ് എന്ന ലേഖനം പിണറായി വിജയൻ പറയാൻ ശ്രമിക്കുന്ന കാര്യങ്ങൾ തന്നെയാണ് എഴുതിയിരിക്കുന്നത്. മാധ്യമങ്ങളുടെ നിഷ്പക്ഷത എന്നത് കപടമുഖമാണ്. അങ്ങനെ എന്നൊന്നില്ല. ഏതൊരു കാര്യത്തിനും ഏതൊരു വ്യക്തിക്കും നിലപാടുകൾ ഉള്ളതുപോലെ മാധ്യമങ്ങൾക്കും ഉണ്ടാവും എന്നത് മനസ്സിലാക്കാൻ വലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. ഇടതുപക്ഷ നിലപാട് ഒരു വ്യക്തിക്ക് കൊണ്ടുനടക്കാം. പ്രചരിപ്പിക്കാം. അതിനൊക്കെ സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ ക്രൈസ്തവചിന്തപോലുള്ള ഒരു മാസികയ്ക്ക് ഇത് ഭൂഷണമാണോ എന്നാലോചിക്കുന്നത് നല്ലതാണ്.

പെന്തക്കോസ്ത് സമൂഹത്തെ ഇനിയും മനസ്സിലാക്കാത്ത സി.പി.എം. എന്ന ലേഖനത്തിൽ ഇടതുപക്ഷവും വലതുപക്ഷവും പെന്തക്കോസ്തരെ ഇനിയും മനസ്സിലാക്കിയിട്ടില്ല എന്നതാണ് പരാതി. ചുങ്കപ്പാറ സംഭവത്തിൽ സി.പി.എം. ജില്ലാ നേതൃത്വം ഏകപക്ഷീയമായ നിലപാടാണ് കൈക്കൊണ്ടതെന്ന് പറയുന്നു. വിവിധമത-ജാതി കൂട്ടുകെട്ടുകൾക്ക് ഓരോ സ്ഥാനമാനങ്ങൾ വീതം വെയ്ക്കുമ്പോഴും പെന്തക്കോസ്തർക്ക് ലഭിക്കുന്നില്ലെന്നും എല്ലാ കാലത്തും കുമ്പിളിൽ കഞ്ഞികുടിക്കുന്നത് സ്വപ്നം കാണരുതെന്നുമുള്ള താക്കീതും നൽകുന്നു. അത്രയും നല്ലത്. ഉജാഗിർ സിംഗിന്റെ - പെന്തക്കോസ്തു ഓർഡിനേഷനും പോപ്പിന്റെ തുണിക്കഷണവും ചന്തയിൽ എന്ന ലേഖനം ചിന്തോദ്ദീപകമായ ഒന്നാണ്. വിശ്വാസലോകത്ത് നടക്കുന്ന തട്ടിപ്പുകളുടെ നീണ്ട കഥകളാണ് അദ്ദേഹം കുറിക്കുന്നത്. വർഷങ്ങളായി അദ്ദേഹത്തിന്റെ തൂലിക ഇത്തരം കാര്യങ്ങൾക്കെതിരെ ചലിപ്പിച്ചുകൊണ്ടിരുന്നിട്ടും നമ്മുടെ വിശ്വാസലോകം ഇതൊന്നും കണ്ടില്ലെന്ന് നടിക്കുന്നു. ദീപസ്തംഭം മഹാശ്ചര്യം ......

അനിൽ കൊടിത്തോട്ടത്തിന്റെ - ചുങ്കപ്പാറ പ്രശ്നം ജോസഫ് എം. പുതുശ്ശേരി രാഷ്ട്രീയം കളിച്ചു എന്നതിനെക്കുറിച്ചാണ്. ജോസഫിന്റെ പഴയകാല ശൈലിയും, ഇപ്പോൾ പുതുശ്ശേരി നേരിടുന്ന പ്രതിസന്ധിയും, മൈലേജ് കിട്ടാൻവേണ്ടി എന്ത് വൃത്തികേടും കാണിക്കുന്ന പുതുശ്ശേരിയുടെ വർത്തമാനകാലമുഖവുമാണ് ഇതിൽ വെളിപ്പെടുത്തുന്നത്. നല്ലൊരു രാഷ്ട്രീയലേഖനം.

ഇനി ജാലകത്തിലേക്ക്. മുഖ്യമായും ഉപദേശിയുടെ മകൻ എന്ന സിനിമയെക്കുറിച്ചാണ്. അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് വ്യത്യസ്തരായ ആൾക്കാരുടെ അഭിപ്രായങ്ങൾ സ്വരുക്കൂട്ടിയിട്ടുണ്ട്. അതൊക്കെ നല്ലത് തന്നെ. ഓരോരുത്തർ എഴുതിയതിനെക്കുറിച്ച് പറഞ്ഞു തുടങ്ങിയാൽ പേജുകൾ ഒട്ടനവധി വേണം. എന്നാൽ ഏതാനും കുറെ സംശയങ്ങൾ വായിച്ച് തീർന്നു കഴിഞ്ഞും ബാക്കി നിൽക്കുന്നു. അവയ്ക്കൊക്കെ സാവകാശത്തിൽ നാം ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

1. "ഉപദേശിയുടെ മകൻ എന്ന സിനിമ സാമൂഹിക സംഘർഷം നിലനിർത്തും. അത് സദാചാരപ്രശ്നമായി ഉന്നയിക്കേണ്ടിവരും". എന്നാൽ ഏതെങ്കിലും സിനിമയിവിടെ സാമൂഹിക സംഘർഷം നിലനിറുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് സിനിമ? എത്ര നാൾ?

2. "സിനിമ വന്ന് കഴിഞ്ഞാൽ പെന്തക്കോസ്ത് സഭയ്ക്ക് മൊത്തത്തിൽ അപമാനം ഉണ്ടാകും". ഇതരസമൂഹത്തിൽ പെന്തക്കോസ്തരെക്കുറിച്ച് നല്ല അഭിപ്രായമാണോ ഇപ്പോൾ നിലനിൽക്കുന്നത്.




പെന്തക്കോസ്ത് സമൂഹത്തെ ഇനിയും മനസ്സിലാക്കാത്ത സി.പി.എം. എന്ന ലേഖനത്തിൽ ഇടതുപക്ഷവും വലതുപക്ഷവും പെന്തക്കോസ്തരെ ഇനിയും മനസ്സിലാക്കിയിട്ടില്ല എന്നതാണ് പരാതി. ചുങ്കപ്പാറ സംഭവത്തിൽ സി.പി.എം. ജില്ലാ നേതൃത്വം ഏകപക്ഷീയമായ നിലപാടാണ് കൈക്കൊണ്ടതെന്ന് പറയുന്നു. വിവിധമത-ജാതി കൂട്ടുകെട്ടുകൾക്ക് ഓരോ സ്ഥാനമാനങ്ങൾ വീതം വെയ്ക്കുമ്പോഴും പെന്തക്കോസ്തർക്ക് ലഭിക്കുന്നില്ലെന്നും എല്ലാ കാലത്തും കുമ്പിളിൽ കഞ്ഞികുടിക്കുന്നത് സ്വപ്നം കാണരുതെന്നുമുള്ള താക്കീതും നൽകുന്നു.

3. “സത്യ ഉപദേശം പ്രസംഗിച്ചു നടന്നവർ ജീവിച്ചിരുന്നെങ്കിൽ ചങ്ക് പൊട്ടി ചാകുമായിരുന്നു”. വാസ്തവത്തിൽ അതവരെ കളിയാക്കുന്നതിന് തുല്യമല്ലെ? ആദികാലത്ത് നടന്ന സത്യ ഉപദേശം അണുവിട വിടാതെയാണോ ഇന്നും പെന്തക്കോസ്തർ നടക്കുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാറ്റം ധൃതഗതിയിൽ നടക്കുമ്പോഴും “വിശ്വാസകാര്യ” ത്തിന് മാത്രം റിസർവ്വേഷൻ ഏർപ്പെടുത്തുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ ലക്ഷക്കണക്കിന് രൂപാ മുടക്കി പന്തൽ കെട്ടുന്നതും, മുക്കിന് മുക്കിന് ബഹുവർണ്ണ പോസ്റ്റർ തൂക്കുന്നതും ശരിയാണോ? ഒരേ വിഷയത്തിന് രണ്ട് തരം സമീപനം സ്വീകരിക്കുന്നത് ശരിയാണോ?

3. “സിനിമ പെന്തക്കോസ്തരിൽ ഒരു ആശയപ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്”. ശരിയാണ്. വിശ്വാസമെന്നത് വളരെ ശാന്തമായി ഒഴുകുന്ന ഒന്നല്ല. പ്രതിസന്ധികളും സംഘർഷങ്ങളും തിങ്ങി നിറഞ്ഞതാണ് വിശ്വാസജീവിതം. അതിനെ മറികടക്കാൻ നമ്മുടെ വിശ്വാസത്തിന് കഴിയില്ലെങ്കിൽ അത് അവരവരുടെ കുറ്റമാണ്. വിശ്വാസത്തിന്റെ പ്രതിസന്ധിയല്ല.

ഇനിയും ദീർഘമായി ഇതിനെക്കുറിച്ച് എഴുതാനുണ്ട്. ഇത്തരം കാര്യങ്ങൾ വരുമ്പോൾ നമ്മൾ പകച്ച് നിൽക്കുകയല്ല വേണ്ടത്. എല്ലാ ആധുനിക സംവിധാനങ്ങളും പെന്തക്കോസ്തർ ഉപയോഗിക്കുന്നുണ്ട്. ഉപയോഗിക്കുകയും വേണം. ടി.വി., വി.സി.ആർ, ഡി.വി.ഡി. പ്ലെയർ, ഹോം തീയേറ്റർ, കമ്പ്യൂട്ടർ, കാർ, ബസ്, എന്നിവയെല്ലാം ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉല്പന്നങ്ങളാണ്. വീട്ടിലിരുന്ന് സിനിമ കാണാൻ കഴിയുന്ന തരത്തിൽ കേബിൾ സർവ്വീസുകൾ എല്ലാ ഗ്രാമത്തിലും എത്തിയിരിക്കുന്നു. അത് കാണുന്നതിന് കുഴപ്പമില്ല. വലിയ സ്ക്രീനിൽ കാണുന്നത് പാപം! റിമോട്ട് ഉള്ളതുകൊണ്ട് മാറ്റാം എന്നൊരു സൗകര്യം ഉണ്ട് എന്ന ആശ്വാസമാണ് ഒരു ലേഖകന്. കഷ്ടം. റിമോട്ട് പ്രവർത്തിക്കാതെ പോയാൽ എന്തായിരിക്കും സംഭവിക്കുക. വിശ്വാസ ഹിമാലയം തകർന്ന് വീണ് ആൾനാശം സംഭവിക്കുമോ? പെന്തക്കോസ്തർക്ക് വേണ്ടി മാത്രമല്ല ഉപദേശിയുടെ മകൻ സൃഷ്ടിച്ചിരിക്കുന്നത്. ആർക്കും ടിക്കറ്റ് എടുത്താൽ കാണാം. പള്ളി കേന്ദ്രീകരിച്ചല്ല സിനിമാ പ്രദർശനം. ഇഷ്ടമുള്ളവർ കാണട്ടെ. എന്തിനതിന് തടുക്കണം. കാറ്റും വെളിച്ചവും കടക്കാത്ത കാരാഗൃഹങ്ങളാകരുത് വിശ്വാസ കൂടാരങ്ങൾ. വെളിച്ചം കടന്നുവരട്ടെ. എല്ലാം പ്രത്യക്ഷപ്പെടട്ടെ. നഷ്ടപ്പെടുന്നത് ദുർബ്ബലവിശ്വാസങ്ങളാണെങ്കിൽ ഈ കാറ്റിലും വെളിച്ചത്തും നഷ്ടപ്പെടട്ടെ. പുതിയ തലമുറയെങ്കിലും രക്ഷപ്പെടുമെങ്കിൽ അത്രയുമൊരു സഹായം നമുക്ക് എന്തുകൊണ്ട് അനുവദിച്ചുകൂടാ.

പെന്തക്കോസ്തർക്ക് വേണ്ടി മാത്രമല്ല ഉപദേശിയുടെ മകൻ സൃഷ്ടിച്ചിരിക്കുന്നത്. ആർക്കും ടിക്കറ്റ് എടുത്താൽ കാണാം. പള്ളി കേന്ദ്രീകരിച്ചല്ല സിനിമാ പ്രദർശനം. ഇഷ്ടമുള്ളവർ കാണട്ടെ. എന്തിനതിന് തടുക്കണം.




# വേദികളെക്കൊണ്ട് എന്തു പ്രയോജനം?

**സ്വന്തം ലേഖകൻ**

പുതുമഴയിൽ കുരുക്കുന്ന തകരപോലെ വേദികളും സമിതികളും ഇന്ന് വിശ്വാസികളുടെ ഇടയിലുണ്ട്. തിരുവല്ലയിലാണ് വേദികളും സമിതികളും നാരായവേരിറങ്ങി കിടക്കുന്നത്. പിന്നീട് സമിതികൾ കോട്ടയത്തും മലബാറിലും ഗൾഫിലും തുടർന്ന് അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ കിളിർത്ത് ഇപ്പോൾ സമിതികൾ ഓസ്ട്രേലിയയിലും കോട്ടും സ്യൂട്ടുമിട്ട് വട്ടമേശസമ്മേളനങ്ങൾ തുടങ്ങിയിരിക്കുന്നു. സത്യത്തിൽ എന്തിനാണ് ഈ വേദികളെന്ന്– അതിന്റെ മെമ്പേഴ്സിനുപോലും അറിയില്ല എന്നതാണ് പരമസത്യം.

ഒരു വികാരവും ഇല്ലാത്ത വിചാരവേദികളും നാലാള് കൂടുന്നിടത്ത് ചാപ്റ്ററുകൾ തുടങ്ങി– പത്രങ്ങളിൽ ഫോട്ടോ കൊടുത്ത് നിർവൃതിയടയുകയാണ് സാധാരണ ചെയ്യുന്നത്. പത്രങ്ങളിൽ പടം വരുന്ന പല സമിതികളും ഉത്ഘാടനകർമ്മാനന്തരം ഊർദ്ധം വലിക്കുന്നതാണ് അടുത്ത കാഴ്ച. ചില വേദികൾ ആണ്ടിലൊരിക്കലെങ്കിലും പരിപ്പുവട കടിക്കാൻ ഒത്തുകൂടാറുണ്ട് എന്ന ആശ്വാസത്തിലുമാണ്.

‘ചിൻവാദ്പാലം’ വിവാദവും അനന്തര സംഭവങ്ങളും ഉണ്ടായപ്പോൾ, നിരപരാധികളായ വിശ്വാസികളും പാവപ്പെട്ട പാസ്റ്ററൻമാരും ബലിയാടുകളായപ്പോൾ ഏതെങ്കിലും ഒരു വേദിയോ സമിതിയോ പ്രതികരിച്ചതായി അറിവില്ല. പ്രതികരിക്കാൻ നട്ടെല്ലുള്ള അംഗങ്ങൾ ഉണ്ടായിരുന്ന വേദികളുടെ അമരക്കാർ അതു വേണ്ടെന്നുവച്ചു പിന്മാറിയെന്നും കേട്ടു. പൊതുജനത്തിനോ വിശ്വാസ സമൂഹത്തിനോ യാതൊരു പ്രയോജനവും ചെയ്യാത്ത ഇത്തരം നാണംകെട്ട വേദികൾ പരസ്യമായി പിരിച്ചുവിടാനുള്ള എല്ലുറപ്പെങ്കിലും വേദികളേ, നിങ്ങൾ കാണിക്കുക.

അച്ചായനും ഇച്ചായനും കൂടി മച്ചാനെ തണ്ടേറ്റാനുള്ള ഒരു സംവിധാനമാണ് വേദികൾ ഒരുക്കുന്ന അവാർഡ് ദാനങ്ങൾ. നിങ്ങൾ എനിക്കൊരു നല്ല സംഭാവന തരൂ ഞാൻ നിങ്ങൾക്ക് ഒരു അവാർഡ് ഒരുക്കാം എന്ന ‘അണ്ടർ ടേബിൾ അവാർഡ്’ നമ്മൾ എത്രയോ കണ്ടിരിക്കുന്നു. ഇതിനെതിരെ പ്രതികരിക്കേണ്ട പത്രങ്ങളും ഏതാണ്ട് ഇതൊക്കെത്തന്നെയാണ് ചെയ്യുന്നത്– എന്നത് ജുഗുപ്സ ജനിപ്പിക്കുന്ന മറ്റൊരു കാര്യം.

ഒരു സമൂഹത്തിന്റെ കെട്ടുറപ്പിനും സൈദ്ധാന്തിക വികാസത്തിനും, ബൗദ്ധികമായ വീണ്ടുവിചാരത്തിനും ഉതകാതെ പോകുന്ന എല്ലാ വേദികളും നിർജ്ജീവമായി നിലനിൽക്കുന്നതിനേക്കാൾ, ഇനി നിലവിലില്ല എന്ന് പ്രഖ്യാപിക്കുന്നതായിരിക്കും നിങ്ങൾക്കും, ഞങ്ങൾ പൊതുജനങ്ങൾക്കും നല്ലത്. ഒപ്പം മാന്യബുദ്ധിജീവികളേ, വേദികളുടെ പേരിൽ ഇനിയെങ്കിലും ഒരു വിഡ്ഢിവേഷം കെട്ടി പൊതുജനമദ്ധ്യേ നിങ്ങൾ വരില്ലെന്ന ഒരു ‘ബുദ്ധിയെങ്കിലും’ ഞങ്ങൾ നിങ്ങളിൽ നിന്നും വിനീതമായി പ്രതീക്ഷിക്കട്ടെ.

BODHI MAGAZINE

**Editorial Board.**

**Chief Editor:**
Ciby T Mathew

**Editor in Charge:**
Jose Peter

**Executive Editor:**
Saji Varghese

**Overseas editor**
Bejoy Mathews

**Advisers:**
Sam Chacko, Houston.
V P Philip
Samuel George

**Coordinators:**
Wills Thomas (Australia)
Reni Peter (Middle East)
Binu. (UK)
Raju Anikkad (Kerala)
Santhosh Joseph

**Design & Creatives**
James Pallivathuckal

**Web-Master:**
Alias George.

സിബി റ്റി. മാത്യു



# കടൽകണിക വീഴുന്ന വമ്പാത്തു സ്വപ്നങ്ങൾ

കുപ്പായത്തിനുള്ളിൽ മടക്കി വെച്ചിരുന്ന സ്ഥിതിവിവരകണക്കിന്റെ പേപ്പർ നിവർത്തി. രണ്ടര ലക്ഷം ജനങ്ങളുടെ സങ്കേതവും നഗരവുമാണ് ഈ തുരുത്ത്. പക്ഷെ, അവരുടെ കൊച്ചു കൊച്ചു സന്തോഷത്തിന്റെ തീരങ്ങളിലേക്കു കടൽവെള്ളം കയറുകയാണ്.

പാവം മനുഷ്യൻ, ഉരുകുന്ന ഹിമപർവ്വതങ്ങൾ ഉണ്ടാക്കുന്ന ഓരോ ദോഷങ്ങളേ....



ഓസ്ട്രേലിയയുടെ വടക്കൻ ആകാശവിതാനങ്ങളിലെ ലോലവായുവിൽ ഊർന്നിറങ്ങുന്ന കൊച്ചുവിമാനത്തിൽ വമ്പാത്തു ദ്വീപിന്റെ നനുത്ത അനുഭൂതിയിലേക്ക് താണിറങ്ങുമ്പോൾ വരെ, ഈ പച്ചത്തുരുത്തിന്റെ നിഗൂഢ സൗന്ദര്യത്തെപ്പറ്റി കേവലധാരണപോലുമില്ലാതെ പോയ ഈ സമുദ്രതീരശാസ്ത്രപഠിതാവിന്റെ ഭാവനാ ശക്തിയെ കുറ്റപ്പെടുത്തിയിട്ട് എന്തു കാര്യം?

ഓസീ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിയോഗിക്കുന്ന തീരങ്ങളിൽ പോയി സമുദ്രം കയറിയോ ഇറങ്ങിയോ കര കടലിൽ ആയോ, കടൽ കരയാക്രമണം നടത്തുകയോ; ഉണ്ടെങ്കിൽ അത് ഇഞ്ചു കണക്കോ അതോ അടിക്കണക്കോ തുടങ്ങിയ അവ്യക്ത കണക്കുകൾ കണ്ടുപിടിച്ച് റിസർച്ച് പേപ്പർ തയ്യാറാക്കുന്ന തിരക്കിനിടയിൽ ഇന്ദ്രിയാനുഭവങ്ങൾക്ക് എന്തു പ്രസക്തി.

ഇനി അഥവാ പ്രകൃതി, ഉടലും ആത്മാവും അനാവരണം ചെയ്യുന്ന ചാരുഭാഗങ്ങളിൽ ഒരു നിമിഷം മതിമറന്ന് നിന്നാൽത്തന്നെ, ഒരു ഷോട്ട് കട്ട് മധുരാനുഭൂതി നുകരാനും തിരക്കുള്ള ഒരു ഗവേഷണബുദ്ധിജീവി പഠിച്ചിരിക്കണം. അരയിൽ കെട്ടിവച്ചിരിക്കുന്ന പൗച്ചിൽ നിന്നും നിക്കോൺകൂൾപിക്സ് എടുത്ത് ഫ്ളാഷിടാതെ രണ്ട് പടമെടുക്കുക സ്ഥലം കാലിയാക്കുന്നു അത്രതന്നെ!

തിരക്കൊഴിയുന്ന പാതിരാവുകളിൽ ക്യാമറയിൽ പകർത്തിയ ലോംഗ് ഷോട്ടുകളിൽ നോക്കി ഓർമ്മയിൽ ഒളിപ്പിച്ച നിഗൂഢതകളിലേക്ക് മനസിനെ അലയാൻ വിടുക. പിന്നെ പുതപ്പിനുള്ളിൽ കയറി കണ്ണുമടച്ചു കിടക്കുന്ന സൂപ്പർ തിരക്കുള്ള ഒരു വിദ്യാർത്ഥിയും അതിനപ്പുറം ഒരു മോഹാവേശംകൊണ്ടു നടക്കാൻ പാടില്ല.

ആകാശ ചുവട്ടിൽ, ഈ മഹാസാഗരത്തിന് ഒത്ത നടുവിൽ, ഒച്ചുപോലെ കിടക്കുന്ന ഒരു കീറു ഭൂമി.

"അതാണ് വമ്പാത്തു".

കുപ്പായത്തിനുള്ളിൽ മടക്കി വെച്ചിരുന്ന സ്ഥിതിവിവരകണക്കിന്റെ പേപ്പർ നിവർത്തി. രണ്ടര ലക്ഷം ജനങ്ങളുടെ സങ്കേതവും നഗരവുമാണ് ഈ തുരുത്ത്. പക്ഷെ, അവരുടെ കൊച്ചു കൊച്ചു സന്തോഷത്തിന്റെ തീരങ്ങളിലേക്കു കടൽവെള്ളം കയറുകയാണ്.

പാവം മനുഷ്യൻ, ഉരുകുന്ന ഹിമപർവ്വതങ്ങൾ ഉണ്ടാക്കുന്ന ഓരോ ദോഷങ്ങളേ....

ഞങ്ങൾ സമുദ്രതീരശാസ്ത്ര പഠിതാക്കൾക്ക് വേലിയേറ്റത്തിന്റെയും ഇറക്കത്തിന്റെയും കണക്കുകൾ കൂട്ടി കിഴിക്കാമെന്നല്ലാതെ പ്രകൃതിയെ നിയന്ത്രിക്കാൻ പറ്റില്ലല്ലോ...?

"ദാ.... അവിടേക്ക് നോക്കൂ.....

എത സുന്ദരം"!

സഹയാത്രികന്റെ വാക്കുകൾക്ക്:

യേസ്....യേസ്.... എന്ന് മറുപടി പറയുമ്പോൾ, നീലിച്ച സമുദ്രത്തിനും പച്ചിച്ച ഭൂമിയ്ക്കും അതിർവരമ്പിട്ട് തീരത്ത് തിരകൾ വെള്ള പൂശി പുതപ്പിക്കുന്ന കാഴ്ചയിൽ കണ്ണും നട്ടിരുന്നു.

"ദൈവം ഇല്ലെന്ന് ആർക്കാണ് പറയാൻ കഴിയുക.?"

"വിരൽ തുമ്പുകൊണ്ട് പ്രകൃതിക്ക് ചായം തേച്ച ഒരദൃശ്യ ശക്തി എവിടെയോ ഇരുന്ന് നമ്മെ നോക്കുന്നുണ്ടാവണം"!

അപൂർവ്വമായ ഈ ദൃശ്യാനുഭൂതിയിൽ ഒരു എയർ ബംമ്പ് സൃഷ്ടിച്ചുകൊണ്ട് വിമാനം താഴേക്ക് കുതിച്ചു.

പച്ചയും മഞ്ഞയും നിറത്തിൽ പുള്ളികളുള്ള നീണ്ട കുപ്പായം അണിഞ്ഞ ഒരു സംഘം വാദ്യാഘോഷങ്ങൾകൊണ്ട് ഞങ്ങൾ യാത്രക്കാരെ വരവേറ്റു. ഇരുണ്ട ത്വക്കുള്ള ആജാനുബാഹുക്കളാണ് ഇവർ നിഷ്ക്കളങ്കതയുടെ നിലാവിൽ വിരിഞ്ഞ ചിരി സമൃദ്ധിയുടെ മുദ്രപോലെ അവരുടെ മുഖങ്ങളിൽ അടയാളങ്ങൾ ഉണ്ടാക്കി.



ഹോട്ടലിലേക്ക് കൊണ്ടുപോകാൻ വന്ന ടാക്സിക്കാരൻ ഇടവിടാതെ വർത്തമാനങ്ങൽ പറഞ്ഞുകൊണ്ടേയിരുന്നു. പൊതുവിജ്ഞാനങ്ങളായിരുന്നു പലതും. ഈ മണ്ണിന്റെ നെഞ്ചിലേക്കിറങ്ങി അട്ടഹസിച്ച ശക്തികൾ വമ്പാത്തു ഫ്രഞ്ച് കോളനിയാക്കിയ കഥ പറയുമ്പോൾ വഴിയോരക്കാഴ്ചകളിൽ മുങ്ങി അങ്ങനെ ഇരുന്നു.

ചുറ്റും കരിമ്പു പൂത്തുനിൽക്കുന്ന പാടങ്ങൾ.

എന്റെ ഗ്രാമത്തിലെ നാട്ടുവഴികളിലെവിടെയോ ചെന്നുപെട്ട വികാരസാന്ദ്രതയിൽ ഹൃദയം കുതിച്ചുയരുകയായിരുന്നു അപ്പോൾ

അകലെ ആകാശത്തോളം ഉയർന്നു നിൽക്കുന്ന തെങ്ങുകൾ. റോഡരുകിലെ പനമരങ്ങളിൽ കാറ്റാഞ്ഞു വീശി ചൂളം വിളിച്ചു നിന്നു. ഇടവപ്പാതിയിലെ കാറ്റും മഴയും ശക്തമായി കൂമ്പിയടക്കുന്ന കാലൻ കുടകൾപോലെയാണ് ഈ പനമരങ്ങൾ.

ഹോട്ടൽ മുറിയിൽ ബാഗുംവെച്ച് ഞങ്ങൾ ബുക്കു ചെയ്തിരുന്ന റെന്റൽകാറിൽ തെക്കേമുനമ്പിലെ കടൽതീരത്തേക്ക് ഡ്രൈവു ചെയ്യുമ്പോൾ മനസ്സു മുഴുവൻ ഇന്നു തീർക്കേണ്ട അസൈൻമെന്റായിരുന്നു.

മാപ്പിലെ അവസാന രേഖയിലേക്കു വണ്ടിചക്രങ്ങൾ ഉരുണ്ടു. ഇപ്പോൾ ഞങ്ങൾക്ക് ചുറ്റും നീലയും പച്ചയും ഇടകലർന്ന ജലരേഖകൾ കുഞ്ഞലകളായി കയറിവരുന്ന കടൽവഴിയിൽ വണ്ടി നിർത്തി. കടലെടുപ്പ് അളക്കുന്ന ഉപകരണങ്ങളുമായി ഞങ്ങൾ തീരത്തേക്കു നടന്നു. കടൽച്ചണ്ടിയും, ചതഞ്ഞ തൊണ്ടും, പ്ലാസ്റ്റിക്ക് കുപ്പികളും കടലോരത്തെ ചതുപ്പുനിലങ്ങളിൽ കാണാമായിരുന്നു.

ജിജ്ഞാസയുടെ മേഘത്തുണ്ട് കണ്ണിൽ ഒളിപ്പിച്ച് ഒരു വൃദ്ധൻ ഞങ്ങൾക്കു പിന്നാലെ കൂടിയത് അപ്പോഴാണ് ശ്രദ്ധയിൽ പെട്ടത്. തിരിഞ്ഞു നോക്കുമ്പോഴൊക്കെ ആ വൃദ്ധൻ പരിചിത ഭാവത്തിൽ പുഞ്ചിരിച്ചു.

കടൽകരയെ കീഴ്പ്പെടുത്തുന്ന ചതുപ്പുസ്ഥലങ്ങൾ ഉപകരണങ്ങൾവെച്ച് ഞങ്ങൾ തിട്ടപ്പെടുത്തി. അത്ഭുതം!.

“കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഒന്നര മീറ്ററോളം കടൽ കയറിയിരിക്കുന്നു”.

ശാന്തമായി ഇളകുന്ന കടൽപ്പരപ്പിലേക്ക് വെറുതെ നോക്കി നിൽക്കാൻ എന്തു രസം ! അകലെയല്ലാതെ ദ്വീപുകൾ പോലെ കൊച്ചു കൊച്ചു ഭൂമിക്കീറുകൾ ജലപ്പരപ്പിൽ ഉയർന്നു നിൽക്കുന്നു. കരയിൽ നിന്നും പലപ്പോഴായി കീറി മാറിയതാണ് ഈ കുഞ്ഞു ദ്വീപുകൾ.

കടൽ കരയിലേക്ക് എത്ര അടി കയറി? പതിഞ്ഞ സ്വരം പിന്നിൽ കേട്ട് ഞാൻ തിരിഞ്ഞു നോക്കി . വൃദ്ധന്റെ സ്വരം തന്നെ. നിഗൂഢമായ അനിശ്ചിതത്വം ആ കണ്ണിൽ കാണാമായിരുന്നു.

ഞങ്ങളുടെ ഭൂമിയിൽ എത്ര അടി വെള്ളമാണ് കയറിയത്? നിങ്ങൾക്ക് അറിയാം, ഞാൻ മുമ്പും കണ്ടിട്ടുണ്ട് നിങ്ങളെപ്പോലെ ഉള്ളവർ തീരം അളക്കുന്നത്.

വൃദ്ധന്റെ ഇംഗ്ലീഷ് വാക്കുകളിൽ കൃത്യത. എന്തു മറുപടി പറയണം എന്നറിയാതെ പകച്ചുപോയി, ഒരു നിമിഷം എരിയുന്ന മനസ്സിൽ പൊള്ളിച്ചതായിരുന്നു വൃദ്ധന്റെ സംസാരം.

അതു പറയുവാനള്ള അനുവാദം ഞങ്ങൾക്കില്ല ഗവൺമെന്റാണ് കണക്കുകൾ പുറത്തുവിടുന്നത്.

തൊണ്ടയിൽ കുരുങ്ങി നിന്ന വാക്കുകൾ പതിയെ പുറത്തേക്ക് വന്നു. വരവീണ മുഖത്ത് സങ്കടത്തിന്റെ കടൽ കയറിയോ? വൃദ്ധൻ കുനിഞ്ഞ് മണൽത്തിട്ടയിൽ നിന്നും ഒരു വെള്ളാരം കല്ലെടുത്ത് കടലിലേക്ക് എറിഞ്ഞു. ഇരുപത് അടിയോളം അപ്പുറത്ത്, നീലജലാശയത്തിൽ ചെന്നു വീണു ആ കല്ല്. വാർദ്ധക്യം ബാധിച്ച വിരലുകൾ ചൂണ്ടി വൃദ്ധൻ പറഞ്ഞു.

“പത്തു വർഷം മുമ്പ് ഞങ്ങളുടെ കര അവിടെ ആയിരുന്നു. ഈ കടൽ ഞങ്ങളുടെ ഭൂമിയെ വിഴുങ്ങുകയാണ്. തീരത്തു നിന്ന് എത്രയോ തവണ ഞങ്ങൾ മാറി താമസിച്ചു”.

അകലെ ചക്രവാളത്തിൽ നോക്കി അയാൾ നെടുവീർപ്പിട്ടു.

“ഈ പോക്ക് പോയാൽ എന്റെ കൊച്ചുമക്കൾക്ക് കാലൂന്നി നിൽക്കാൻ ഈ കര ഇവിടെ കാണുമോ, ദൈവമേ”?

അപ്പോഴേക്കും തിരികെപ്പോകുവാനുള്ള സുഹൃത്തിന്റെ പിൻവിളി ഉയർന്നിരുന്നു.

ആ വൃദ്ധന്റെ നെഞ്ചിൽ ഉയരുന്ന കടൽകയറ്റത്തിന്റെ കണക്കറിയാതെ തിരികെ നടക്കുമ്പോഴും വമ്പാത്തുവിന്റെ സ്വപ്നത്തിലേക്ക് കടൽ ഇരമ്പി ഇളകിക്കൊണ്ടിരുന്നു, ഒരു ശപ്ത സംഗീതംപോലെ.

**കടൽകരയെ കീഴ്പ്പെടുത്തുന്ന ചതുപ്പുസ്ഥലങ്ങൾ ഉപകരണങ്ങൾവെച്ച് ഞങ്ങൾ തിട്ടപ്പെടുത്തി. അത്ഭുതം!. “കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഒന്നര മീറ്ററോളം കടൽ കയറിയിരിക്കുന്നു”. ശാന്തമായി ഇളകുന്ന കടൽപ്പരപ്പിലേക്ക് വെറുതെ നോക്കി നിൽക്കാൻ എന്തു രസം ! അകലെയല്ലാതെ ദ്വീപുകൾ പോലെ കൊച്ചു കൊച്ചു ഭൂമിക്കീറുകൾ ജലപ്പരപ്പിൽ ഉയർന്നു നിൽക്കുന്നു. കരയിൽ നിന്നും പലപ്പോഴായി കീറി മാറിയതാണ് ഈ കുഞ്ഞു ദ്വീപുകൾ.**



# പെണ്ണായി പിറന്നതുകൊണ്ട്...

ഡോ. ഓമന റസ്സൽ

**ഭാരത നിയമസംഹിതയുടെ അടിസ്ഥാനമായി കണക്കാക്കുന്ന മനുസ്മൃതി പറയുന്നു: 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന്. ബാല്യത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സ്ത്രീയെ സംരക്ഷിക്കണം.**

ഒരു സമൂഹത്തിന്റെ സംസ്കാരം അളക്കാൻ പോന്ന ശരിയായ മാനദണ്ഡങ്ങളാണ് അതിലെ സ്ത്രീകളുടെ പദവിയും കുടുംബഘടനയും.

ഇന്ത്യാചരിത്രം പരിശോധിച്ചാൽ മൗലികമായി സ്ത്രീയെ തരംതാണ ജീവിയായി സമൂഹം കണ്ടിരുന്നുവെന്നു കാണാം. സ്ത്രീക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന അധമസ്ഥാനം മനസ്സിലാക്കിയാൽ മാത്രമേ നാം ഇന്നനുഭവിക്കുന്ന പദവിയുടെ മൂല്യം നമുക്ക് മനസ്സിലാകൂ. സ്ത്രീ ഒരിക്കലും സ്വതന്ത്രയായിക്കൂടാ എന്നാണ് മനുസ്മൃതി അനുശാസിക്കുന്നത്. പെണ്ണായി പിറന്നതുകൊണ്ടു മാത്രം ഏതു ജാതിയിൽപ്പെട്ട സ്ത്രീയ്ക്കും ചില വിലക്കുകൾ അനുഭവിക്കേണ്ടിവന്നു.

ഭാരത നിയമസംഹിതയുടെ അടിസ്ഥാനമായി കണക്കാക്കുന്ന മനുസ്മൃതി പറയുന്നു: 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന്. ബാല്യത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സ്ത്രീയെ സംരക്ഷിക്കണം.

ഏതു ജാതിയിൽ ജനിച്ച സ്ത്രീയായാലും അവളുടെ അവസ്ഥ ശോചനീയമായിരുന്നു. നമ്പൂതിരി സ്ത്രീകളുടെ ജീവിതം കൂട്ടിലടച്ച കിളികളുടേതിനു തുല്യമായിരുന്നു. പുറത്തുപോകുമ്പോൾ മറക്കുട പിടിക്കണം. ബ്രാഹ്മണ സമുദായത്തിൽ മൂത്ത പുത്രന് മാത്രമേ സ്വസമുദായത്തിൽ നിന്നു വിവാഹം കഴിക്കാമായിരുന്നുള്ളു. ഇളയവർ നായർ സ്ത്രീകളുമായി സംബന്ധം കൂടുകയായിരുന്നു പതിവ്. ഇല്ലത്തെ നാലുകെട്ടിൽ വിവാഹിതരാകാതെ ജീവിക്കാനായിരുന്നു അന്തർജനങ്ങളുടെ വിധി. ജിവിച്ചിരിക്കുമ്പോൾ വിവാഹിതയാകാൻ കഴിഞ്ഞില്ലെങ്കിലും മൃതശരീരത്തിൽ താലി ചാർത്തി മംഗല്യവതിയാക്കുന്ന താലികെട്ട് കല്യാണം നിലവിലിരുന്നു.



നമ്പൂതിരി സ്ത്രീകൾക്ക് ജാരസംസർഗ്ഗത്തിന്റെ ശങ്കയുണ്ടാവുന്ന അവസരങ്ങളിൽ നടത്തുന്ന വിചാരണയ്ക്കാണ് സ്മാർത്തവിചാരം എന്നു പറയുന്നത്. കുറ്റം ചെയ്ത സ്ത്രീയെ മനുഷ്യജീവിയായിപ്പോലും കണക്കാക്കിയിരുന്നില്ല. 'സാധനം' എന്നാണ് അവളെ വിളിച്ചിരുന്നത്. ഈ 'സാധന'ത്തെ സ്മാർത്തവിചാരാനന്തരം അടിമയാക്കി വിറ്റിരുന്നു.

നായർ സ്ത്രീകൾ ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും മുന്നിൽ മാറ് മറയ്ക്കാൻ പാടില്ലായിരുന്നു. ഇവരോട് സംബന്ധം കൂടുന്ന ബ്രാഹ്മണരുടെ എണ്ണത്തിനനുസരിച്ച് സമൂഹത്തിൽ ഇവരെ മാന്യരായി കണ്ടിരുന്നു. തന്റെ മക്കളോട് അച്ഛനാരാണെന്നു കൃത്യമായി പറയാൻ കഴിയാത്ത ഗതികേടായിരുന്നു നായർ സ്ത്രീയുടേത്.

ബ്രാഹ്മണരെ മാറു കാണിക്കാത്ത സ്ത്രീ ഏതു ജാതിയിൽപ്പെട്ടവളായാലും അസന്മാർഗ്ഗിയാണ് എന്നതായിരുന്നു കേളത്തിലെ അലിഖിത നിയമം. നമ്മുടെ സന്മാർഗ്ഗബോധം ഇതിൽനിന്നു മനസ്സിലാക്കാം.

ഈഴവസ്ത്രീകൾ മുലക്കരവും തലക്കരവും കൊടുക്കണമായിരുന്നു. ഉദ്യോഗസ്ഥരുടെ ഉപ

ദ്രവം സഹിക്കവയ്യാതായപ്പോൾ ചേർത്തല താലൂക്കിലെ ഒരു ഈഴവ വനിത അവളുടെ സ്തനങ്ങൾ ഛേദിച്ച് ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ചുകൊടുത്തിട്ട് ഇനി ആ കരത്തിൽനിന്നും എന്നെ ഒഴിവാക്കിക്കൂടേ എന്നു ചോദിച്ചുവെന്നും, ആ സ്ത്രീയുടെ വീടിന് അന്നു മുതൽ 'മുലച്ചിപറമ്പ്' എന്നു പേരു പറഞ്ഞുപോരുന്നു എന്നും ചരിത്രം പറയുന്നു.

താണ ജാതിക്കാരായ സ്ത്രീകളുടെ പ്രഥമരാത്രി ഉയർന്ന ജാതിക്കാർക്കുള്ളതായിരുന്നു. ഒരിക്കൽ ഒരു രാജാവ് താണ സ്ത്രീയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായിപോലും. അവളെ കൊട്ടാരത്തിലെത്തിക്കാൻ അംഗരക്ഷകരെ അയച്ചു. എന്നാൽ അവളുടെ പിതാവ് മകളെ വെട്ടിനുറുക്കി കിണറ്റിലിട്ട് കൂടെ ചാടി ആത്മഹത്യ ചെയ്തു. താണ ജാതിസ്ത്രീകൾക്ക് സൗന്ദര്യമുണ്ടെങ്കിൽ അവൾ ഹതഭാഗ്യയായിരുന്നുവെന്നർത്ഥം.

പ്രശസ്ത ചരിത്രകാരൻ ഇളംകുളം കുഞ്ഞൻപിള്ള തന്റെ 'കേരളത്തിലെ ഇരുളടഞ്ഞ ഏടുകൾ' എന്ന പുസ്തകത്തിൽ പറയുന്നത് ശ്രദ്ധിക്കുക. കാർത്തികപ്പള്ളി നാടുവാഴിയുടെ വിളംബരമാണ്. "നമ്മുടെ രാജ്യത്ത് സ്വജാതിയിലോ ഉയർന്ന ജാതിയിലോ പെട്ട പുരുഷന് വശംവദയാകാത്ത സന്മാർഗ്ഗഹീനകളായ സ്ത്രീകൾ ഉണ്ടെങ്കിൽ അവരെ ഉടൻ വധിക്കേണ്ടതാകുന്നു." എങ്ങനെയുണ്ട് അന്നത്തെ സന്മാർഗ്ഗബോധം?

അതുപോലെ നിലനിന്ന ആചാരമായിരുന്നു പാണ്ഡവാചാരം. എല്ലാ സഹോദരൻമാരും കൂടി ഒരു സ്ത്രീയെ വിവാഹം കഴിക്കുന്ന സമ്പ്രദായമായിരുന്നു ഇത്.

**ശാരീരികമായും മാനസികമായും സ്ത്രീ പുരുഷനിൽ നിന്ന് വ്യത്യസ്തയാണ്. എന്നാൽ മൂല്യത്തിലോ പദവിയിലോ പരിശുദ്ധാത്മ ദാനങ്ങളുടെ ലഭ്യതയിലോ സ്ത്രീ പുരുഷ വ്യത്യാസം ബൈബിൾ കാണുന്നില്ല.**



കർക്കിടകമാസത്തിൽ താണ ജാതിയിൽപ്പെട്ട പുരുഷൻ ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീയെ സ്പർശിച്ചാൽ ആ സ്ത്രീ ജാതിഭ്രഷ്ടയാകും. അവൾ പിന്നെ വീടുപേക്ഷിച്ച് ആ പുരുഷനോടൊപ്പം താമസിക്കണം. അല്ലെങ്കിൽ അവളെ വിൽക്കുകയോ കൊല്ലുകയോ ചെയ്യാമായിരുന്നു. ഇതാണ് പുലപ്പേടി, മണ്ണാപ്പേടി എന്നീ പേരുകളിൽ അറിയപ്പെട്ടത്.

ദളിത് സ്ത്രീകൾക്ക് സ്വർണ്ണം, വെള്ളി ആഭരണങ്ങൾ ധരിക്കാൻ അനുവാദമുണ്ടായിരുന്നില്ല. താഴ്ന്ന ജാതിക്കാരിയാണെന്നറിയിക്കാൻ കല്ലുകൾ കോർത്തുകെട്ടിയ മാല ധരിക്കണമായിരുന്നു. കയ്യിൽ ഇരുമ്പു വളകളും, കാതിൽ പുളിയുടെ കാതൽകൊണ്ടുള്ള 'തക്ക'കളും അവരിൽ സമൂഹം അടിച്ചേൽപ്പിച്ച അടിമത്തത്തിന്റെ ചിഹ്നങ്ങളായിരുന്നു.

ഭർത്താവ് മരിച്ചാൽ ഭാര്യ ഭർത്താവിന്റെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യണമായിരുന്നു. അതിനു വിസമ്മതിച്ച സ്ത്രീകളെ ബലമായി ചിതയിൽ തള്ളിയിട്ടിരുന്നു. അവരുടെ ദീനരോദനം പുറത്തു കേൾക്കാതിരിക്കാൻ ചെണ്ടമേളത്തിന്റെ ഉച്ചസ്ഥായിയായ അകമ്പടിയും ഉണ്ടായിരുന്നു.

പെൺകുട്ടികളെ ക്ഷേത്രങ്ങളിൽ ദേവദാസികളാകാൻ ദാനം ചെയ്യുക പതിവായിരുന്നു. നൃത്തവും മറ്റും ജോലികളും ചെയ്തിരുന്ന ദേവദാസികൾ പിൽക്കാലത്ത് ബ്രാഹ്മണരുടെ വെപ്പാട്ടികളായി മാറുകയുണ്ടായി.

എന്നാൽ സതി, ശൈശവ വിവാഹം, ബഹുഭാര്യത്വം, ബഹുഭർതൃത്വം, അടിമത്തം, ജാതിവ്യവസ്ഥ തുടങ്ങിയവ അവസാനിപ്പിച്ച്, സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കി സ്ത്രീയുടെ പദവി ഉയർത്തിയത് ബൈബിളാണെന്ന് നിസ്സംശയം പറയാം. വെറും ഉപഭോഗവസ്തുവായി പുരുഷന്റെ കാൽക്കീഴിൽ കിടന്നിരുന്ന സ്ത്രീയെ ആ സ്ഥാനത്തുനിന്നുയർത്തി പുരുഷന്റെ മാറോടു ചേർത്തണയ്ക്കാൻ പഠിപ്പിച്ചത് സുവിശേഷമാണ്.

ശാരീരികമായും മാനസികമായും സ്ത്രീ പുരുഷനിൽ നിന്ന് വ്യത്യസ്തയാണ്. എന്നാൽ മൂല്യത്തിലോ പദവിയിലോ പരിശുദ്ധാത്മ ദാനങ്ങളുടെ ലഭ്യതയിലോ സ്ത്രീ പുരുഷ വ്യത്യാസം ബൈബിൾ കാണുന്നില്ല. ആത്മീയതലത്തിൽ സ്ത്രീപുരുഷ തുല്യതയുടെ ഉദാത്തസങ്കല്പം പ്രദാനം ചെയ്തു

നിത്യതയിൽ സ്ത്രീയും പുരുഷനുമെന്ന വ്യത്യാസമില്ല. എല്ലാവരും ദൈവദൂതൻമാരെപ്പോലെയാകും എന്നതാണ് വസ്തുത. യഹൂദനും യവനനും എന്നില്ല. ആണും പെണ്ണുമെന്ന വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ എന്ന മനോഹര വചനം ബൈബിൾ വീക്ഷണത്തിലെ സ്ത്രീപുരുഷ സമത്വമാണ്. ബൈബിളിന്റെ മൂല്യഗണനയിൽ സ്ത്രീയും പുരുഷനും തമ്മിൽ ഭേദമൊന്നുമില്ല എന്ന പ്രഖ്യാപനമല്ലേ സ്ത്രീയെ കൂടാതെ പുരുഷനില്ല, പുരുഷനെ കൂടാതെ സ്ത്രീയുമില്ല എന്നത്? സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ് എന്ന സന്ദേശമാണ് ബൈബിൾ നൽകുന്നത്.

ഇന്ത്യയിലെ മുക്തി മിഷനിലുണ്ടായ ഉണർവ്വിൽ സ്ത്രീകൾക്ക് ലഭിച്ച മുൻഗണന ഉയിർത്തെഴുന്നേറ്റ ക്രിസ്തു മറിയയ്ക്കു നൽകിയ സുവിശേഷദൗത്യത്തിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കലായിരുന്നില്ലേ. സുവിശേഷവെളിച്ചം കടന്നുചെല്ലുന്നിടത്തൊക്കെയും മാറ്റത്തിന്റെ മാറ്റൊലി മുഴങ്ങി. കേരള സ്ത്രീകളുടെ പദവിയിലും ഈ മാറ്റം പ്രതിഫലിച്ചു.




നിന്നെയും കാത്ത്
ഞാനീ ഉമ്മറപ്പടിയിൽ
ഒറ്റയ്ക്കാണ്.

എന്റെ പൂക്കൂടയിലെ
പൂക്കളെല്ലാം വാടിയിരിക്കുന്നു.
വാടാതെ ശേഷിക്കുന്നത്,
ഈ കൈക്കുടന്നയിലെ പൂക്കൾ
മാത്രം!

അതിന്റെ ശോഭയും മങ്ങും മുമ്പേ
നീ വരില്ലേ?.....

നാഥാ.....
നിന്റെ ദൂതൻമാർ
നീ വേഗം വരുമെന്ന്,
എന്നെ അറിയിച്ചല്ലോ
ഞാൻ കാത്തിരിക്കുകയാണ്.

നിഴലിന് നീളം കൂടിയിരിക്കുന്നു.
കാർമേഘത്തിന്റെ നിര
ആകാശത്തിന്റെ നീലിമയെ
മറച്ചു തുടങ്ങിയിരിക്കുന്നു.

നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട്,
ചേക്കുപക്ഷികളുടെ കലപില
കുയിൽ മനോഹരമായി പാടുന്നു
ഒരിളംതെന്നലിന്റെ കുളിർമ!
നേരം ഏറെയാകുന്നു.
എന്റെ ആശങ്ക
നിന്റെ വരവു കാണാൻ കഴിയാതെ
എന്റെ കണ്ണുകളുടെ പ്രകാശം
മങ്ങിപ്പോയെങ്കിലോ!

വൈകരുതേ.....!
അഥവാ വൈകിയാലും
വലിയൊരു
പ്രകാശമായിട്ടായിരിക്കും നീ
വരിക...... അല്ലേ?....

ആ പ്രഭയിൽ,
ആ തേജസ്സിൽ,
ആ ദിവ്യമുഹൂർത്തത്തിൽ,
നീയും
ഞാനും!

## DO you want to write?

Your articles, featuring, discussions, arguments, letters are welcome to Bodhi Magazine.

Pease send it to bodhimagazine@gmail.com with your passport size photo and contact details. Our editors will assess your writings and will publish the selected matters in the Bodhi magazine.